മി. സ്പീക്കർ: ഓർഡർ... ഓർഡർ... (....ബഹളം....) പ്ലീസ്...... പ്ലീസ്...... ചോദ്യം നമ്പർ *511

മലയാളത്തിന്റെ പ്രയോഗം വിപുലപ്പെടുത്താൻ പ്രവർത്തനങ്ങൾ

1 (*511) ശ്രീ. ജോൺ ഫെർണാണ്ടസ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക ഭാഷയെന്ന നിലയിലും അധ്യയന ഭാഷയായും മലയാളത്തിന്റെ പ്രയോഗം വിപുലപ്പെടുത്താൻ കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് ഡിജിറ്റൈസേഷൻ ഉൾപ്പെടെയുള്ള നവീന സങ്കേതങ്ങൾ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിജ്ഞാന വ്യാപനം വിപുലീകരിക്കുന്നതിന് കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങളുടെയും പ്രസിദ്ധീകരണശാലകളുടെയും

സഹകരണത്തോടെ അന്താരാഷ്ട്ര പുസ്തകോത്സവം നടത്താൻ സാംസ്കാരിക വകുപ്പ് തയ്യാറാകുമോയെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇത്തരം പുസ്തകങ്ങൾ ആവശ്യക്കാരിലേയ്ക്കെത്തിക്കുന്നതിന് ഓൺലൈൻ പുസ്തക വിപണനം ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ;

(ഇ) പ്രവാസികളായ കേരളീയരുടെ കുട്ടികളെ മാതൃഭാഷയിൽ പ്രാവീണ്യമുള്ളവരാക്കുന്നതിന് മലയാളം മിഷൻ നടത്തുന്ന പ്രവർത്തനം നിലവിൽ എത്ര രാജ്യങ്ങളിൽ ഉണ്ടെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത മിഷന്റെ പ്രവർത്തന നേട്ടം എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) മലയാളത്തെ ഔദ്യോഗിക ഭാഷയാക്കാനുള്ള ശ്രമങ്ങൾ 1957-ലെ ഇ. എം. എസ്. സർക്കാരിന്റെ കാലത്ത് തുടങ്ങി. ഇതിനായി കോമാട്ടിൽ അച്യുതമേനോൻ അദ്ധ്യക്ഷനായ അഞ്ചംഗ സമിതി രൂപീകരിച്ചു. സമിതിയുടെ റിപ്പോർട്ടിലെ നിർദ്ദേശം നടപ്പിലാക്കാൻ അന്നത്തെ സർക്കാരിന് സമയം കിട്ടിയില്ല. മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള പ്രയാസങ്ങളും അവ

തരണം ചെയ്യാനുള്ള നിർദ്ദേശങ്ങളും റിപ്പോർട്ടിലുണ്ടായിരുന്നു.

1969-ൽ കേരള നിയമസഭ ഔദ്യോഗിക ഭാഷ ആക്ട് പാസ്സാക്കി. നിയമ നിർമ്മാണത്തിന് അവതരിപ്പിക്കുന്ന ബില്ലുകൾ മലയാളത്തിലും കൂടി ആയിരിക്കണമെന്ന് നിശ്ചയിച്ചു. 1985-ൽ കോടതിഭാഷ മലയാളമാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കെ. കെ. നരേന്ദ്രൻ അദ്ധ്യക്ഷനായി സമിതി രൂപീകരിച്ചു. (....ബഹളം....)

മി. സ്പീക്കർ: (....ബഹളം....) ഇതേ വിഷയം സംബന്ധിച്ച് അടിയന്തരപ്രമേയത്തിന് അനുമതി തേടിക്കൊണ്ട് നോട്ടീസ് നൽകിയിട്ടുണ്ട്. നമുക്ക് അപ്പോൾ ചർച്ച ചെയ്യാവുന്ന കാര്യമാണ്. നിങ്ങൾ ഉന്നയിക്കുന്ന വിഷയംതന്നെയാണ് അടിയന്തരപ്രമേയത്തിന് ശ്രീ. വി. ടി. ബൽറാം നോട്ടീസ് നൽകിയിട്ടുള്ളത്. ദയവായി ചോദ്യോത്തരവേളയിൽ സഹകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ സഭയിലെ ബഹുമാനപ്പെട്ട ഒരു അംഗത്തിനെ ഇന്നലെ പോലീസ് ക്രൂരമായി തല്ലിചതയ്ക്കുകയുണ്ടായി. അദ്ദേഹത്തിന്റെ തലപൊട്ടി ചോരയൊലിച്ചിട്ടും ആശുപത്രിയിൽ എത്തിച്ചിട്ടില്ല. ഈ സഭയിൽ ഇങ്ങനെയൊരു

സംഭവമുണ്ടാകുന്ന സന്ദർഭത്തിൽ പ്രതിഷേധമുയരുന്നത് സ്വാഭാവികമാണ്. ചോദ്യോത്തരവേള നിർത്തിവച്ച് ശ്രീ. വി. ടി. ബൽറാം നൽകിയിട്ടുള്ള അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് അനുവാദം നൽകണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. കാരണം, ഈ സഭയിലെ ഒരു അംഗമാണ് പരിക്കേറ്റ് ആശുപത്രിയിൽ കിടക്കുന്നത്. അപ്പോൾ ഇത് ഗൗരവതരമായ വിഷയമാണ് അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ചോദ്യോത്തരവേള നിർത്തിവച്ച് ഇത് അവതരിപ്പിക്കാനുള്ള അനുവാദം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: നമ്മുടെ സഭയിലെ ഒരു അംഗത്തിന് പരിക്കുപറ്റിയ വിവരമറിഞ്ഞ് ഞാൻ തന്നെ അദ്ദേഹത്തെ നേരിൽ സന്ദർശിച്ചിരുന്നു. അദ്ദേഹത്തിന്റെ സുഖവിവരങ്ങൾ അന്വേഷിച്ചിരുന്നു, ബന്ധപ്പെട്ട ഡോക്ടർമാരുമായി സംസാരിച്ചിരുന്നു. ആ വിഷയം അടിയന്തരപ്രമേയത്തിന്റെ ഭാഗമായി ചർച്ച ചെയ്യാൻ നോട്ടീസ് നൽകിയിട്ടുണ്ട്, അതിന്റെ ഭാഗമായി ചർച്ച ചെയ്യാം. ചോദ്യോത്തരവേള നിർത്തിവയ്ക്കണമെന്ന് അങ്ങ് ദയവായി ആവശ്യപ്പെടരുത്. ദയവായി സഹകരിക്കണം. അടിയന്തരപ്രമേയം നമുക്ക് പരിഗണനയ്ക്കെടുക്കാം. ദയവായി സഹകരിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെയാണെങ്കിൽ ഞങ്ങൾ ചോദ്യങ്ങൾ ചോദിക്കുന്നില്ല. ഇത് ശരിയായ നടപടിയല്ല. (....ബഹളം....)

ശ്രീ. എ. കെ. ബാലൻ: സർ, ഈ സമിതി 1987-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഇതിനകം ഭരണ ശബ്ദാവലി, ഭാഷയും ഭരണഭാഷയും, ഭരണഭാഷാ പ്രയോഗങ്ങൾ, ഭരണഭാഷാ പ്രശ്നങ്ങൾ, ഭരണഭാഷാ നിഘണ്ടു എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം 'ശ്രേയസ്സ്' എന്ന പേരിൽ ഭരണഭാഷാ മൊബൈൽ ആപ് വികസിപ്പിച്ചു.

ഉന്നത വിദ്യാഭ്യാസ രംഗത്ത് അധ്യയന മാധ്യമം മലയാളമാക്കുന്നതിനും വൈജ്ഞാനിക സാഹിത്യം വികസിപ്പിക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സി.എസ്.റ്റി.റ്റി.-യുടെ (കമ്മീഷൻ ഫോർ സയന്റിഫിക് & ടെക്നിക്കൽ ടെർമിനോളജീസ്) സാമ്പത്തിക സഹായത്തോടെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1968-ൽ സ്ഥാപിച്ചു. ശാസ്ത്ര സാങ്കേതിക പദങ്ങൾ പ്രാദേശിക ഭാഷകളിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതിനുവേണ്ടി ഒരു മാർഗ്ഗരേഖയും

സി.എസ്.റ്റി.റ്റി. നൽകിയിരുന്നു. ഈ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കി പ്രസിദ്ധീകരിച്ച ഒന്നാമത്തെ പുസ്തകം "വിജ്ഞാന ശബ്ദാവലി" ആയിരുന്നു. ഇതുവരെയായി 27 ശബ്ദാവലികളും (ഗ്ലോസറി) 39 നിഘണ്ടുകളും (ഡിക്ഷണറി) ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവ ഉപയോഗപ്പെടുത്തി കേരളത്തിലെ എഴുത്തുകാർ ശാസ്ത്ര സാങ്കേതിക വിഷയങ്ങളിലും സാമൂഹിക ശാസ്ത്ര, മാനവിക വിഷയങ്ങളിലും എഴുതിയ നിരവധി ഗ്രന്ഥങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൃഷിശാസ്ത്രം, ആരോഗ്യ ശാസ്ത്രം, ഇലക്ട്രിക്കൽ ട്രേഡ് തിയറി, കമ്പ്യൂട്ടർ സയൻസ് തുടങ്ങിയ വിഷയങ്ങളിലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 300 പുസ്തകങ്ങളുടെ ഒന്നാം പതിപ്പും 500 പുസ്തകങ്ങളുടെ രണ്ടാം പതിപ്പുമുൾപ്പെടെ ആകെ 800 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: പ്ലീസ് പ്ലീസ്...(....ബഹളം....) ദയവായി ഇരിക്കൂ. ശ്രീ. അൻവർ സാദത്ത്, പ്ലീസ് പ്ലീസ് (....ബഹളം....).

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, പ്രശസ്ത ചരിത്രകാരൻ ഇർഫാൻ ഹബീബിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച പീപ്പിൾസ് ഹിസ്റ്ററി ഓഫ് ഇന്ത്യ

എന്ന പുസ്തകത്തിന്റെ മലയാള പരിഭാഷ, ഭാരത ജനചരിത്രം എന്ന പേരിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

(ബി) ഉണ്ട്. ഇതുവരെ ഇൻസ്റ്റിറ്റ്യൂട്ട് അച്ചടിച്ച് പ്രസിദ്ധീകരിച്ച സർവ്വവിജ്ഞാനകോശത്തിന്റെ 17 വാല്യങ്ങളിൽ 15 വാല്യങ്ങളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഇവ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റിൽ വായിക്കാം. (**www.sarva.kerala.gov.in**)

കേരളത്തിനായുള്ള ഒരു സമഗ്ര ജനകീയ വിജ്ഞാനകേന്ദ്രമായി ഇൻസ്റ്റിറ്റ്യൂട്ടിനെ പുനഃക്രമീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാഹിത്യ അക്കാദമി എന്നീ സ്ഥാപനങ്ങൾ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും പ്രദർശന-വില്പന മേളകൾ നടത്തുകയും ചെയ്യുന്നുണ്ട്. മലയാളം മിഷൻ, ബുക്ക് മാർക്ക് എന്നീ സ്ഥാപനങ്ങൾ വഴിയും പുസ്തക പ്രദർശനവും വിൽപ്പനയും നടത്തിവരുന്നു. പ്രധാന അക്കാദമിക് പുസ്തകമേളകളിൽ ഈ സ്ഥാപനങ്ങൾ പങ്കെടുക്കുന്നുണ്ട്. സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ ഒരു അന്താരാഷ്ട്ര പുസ്തകോത്സവം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) വൈജ്ഞാനിക പുസ്തകങ്ങൾ ആവശ്യക്കാർക്ക് എത്തിച്ച

കൊടുക്കുന്നതിനായി ഓൺലൈൻ പുസ്തക വിപണനത്തിനുള്ള നടപടികൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയിട്ടുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി സഹകരിച്ചുകൊണ്ട് ഓൺലൈൻ പേമെന്റ് ഗേറ്റ് വേ തുടങ്ങിയിട്ടുണ്ട്.

കേരള സാഹിത്യ അക്കാദമിയും ഓൺലൈൻ പുസ്തക വില്പനയ്ക്കുള്ള നടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

(ഇ) മലയാളം മിഷൻ നടത്തുന്ന പ്രവർത്തനം നിലവിൽ ഇന്ത്യയിൽ 16 സംസ്ഥാനങ്ങളിലും 31 വിദേശ രാജ്യങ്ങളിലുമാണുള്ളത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിദേശത്ത് സിങ്കപ്പൂർ, ബഹ്റിൻ എന്നിവിടങ്ങളിലും ഇന്ത്യയിൽ നാല് സംസ്ഥാനങ്ങളിലും മാത്രമാണ് ഓരോ പഠന കേന്ദ്രം ഉണ്ടായിരുന്നത്.

മലയാളം മിഷൻ പ്രവാസി കേരളീയരുടെ കുട്ടികൾക്കായി കണിക്കൊന്ന, സൂര്യകാന്തി, ആമ്പൽ, നീലക്കുറിഞ്ഞി എന്നിങ്ങനെ 4 മലയാള ഭാഷാ കോഴ്സുകൾ നടത്തുന്നുണ്ട്. പഠനകേന്ദ്രങ്ങളിലെ അദ്ധ്യാപകർ അവധിക്ക് നാട്ടിൽ വരുമ്പോൾ കേരളത്തിൽവച്ചും അല്ലാത്തപ്പോൾ വീഡിയോ കോൺഫറൻസ് വഴിയും പരിശീലനം നൽകിവരുന്നു. പഠനകേന്ദ്രങ്ങൾക്ക് പ്രതിവർഷം 3000/- രൂപ ധനസഹായവും നൽകിവരുന്നു.

ഇന്ത്യയിലും വിദേശത്തുമായി ആകെ 300 ലൈബ്രറികൾ സ്ഥാപിച്ചു. പ്രവാസി മലയാളികൾക്കായി ഭൂമിമലയാളം വാർത്താപത്രിക പ്രസിദ്ധീകരിക്കുന്നുണ്ട്. മലയാളം മിഷന്റെ ആഭിമുഖ്യത്തിൽ ഇന്റർനെറ്റ് വഴി 'റേഡിയോ മലയാളം' എന്ന ചാനൽ ജനുവരി ഒന്നിന് ആരംഭിക്കും. ബാലസാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവൃത്തികളും നടന്നുവരുന്നു.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തളിര് മാസികയുടെ നാല് പേജുകൾ മലയാളം മിഷനാണ് കൈകാര്യം ചെയ്യുന്നത്. തളിര് മാസിക കേരളത്തിന് പുറത്തുള്ള മലയാളം മിഷൻ വിദ്യാർത്ഥികൾക്ക് എത്തിച്ചുകൊടുക്കുന്നുണ്ട്.

മലയാളം പഠിച്ചുതുടങ്ങിയ കുട്ടികൾക്ക് സഹായകമായ തരത്തിൽ പ്രത്യേകം തയ്യാറാക്കിയ 200 ലേണിംഗ് കിറ്റുകൾ തെരഞ്ഞെടുക്കപ്പെട്ട പഠനകേന്ദ്രങ്ങളിൽ വിതരണം നടത്തിയിട്ടുണ്ട്.

മലയാളം മിഷൻ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഉൾക്കൊള്ളിച്ച് സാഹിത്യ, സാംസ്കാരിക വിഷയങ്ങളുമായി ബന്ധപ്പെട്ട മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

2020 ജനുവരിയിൽ നോർക്ക, ലോകകേരളസഭ, ടൂറിസം വകുപ്പ്

എന്നിവയുമായി സഹകരിച്ച് ഒരു ലോക പ്രവാസി സാഹിത്യ സമ്മേളനം നടത്താൻ പദ്ധതിയുണ്ട്. നിലവിൽ സന്നദ്ധസേവകരായി പ്രവർത്തിക്കുന്ന മലയാളം മിഷൻ അദ്ധ്യാപകരിൽ എട്ടുവർഷം പൂർത്തിയാക്കിയവരെ ആദരിക്കാനും അവർക്ക് 500/- രൂപ ഓണറേറിയമായി നൽകാനും തീരുമാനിച്ചിട്ടുണ്ട്.

2018-ൽ കേരളം നേരിട്ട പ്രളയത്തിന് പ്രവാസി മലയാളികളുടെ സഹായമായ 28.5 ലക്ഷം രൂപ മലയാളം മിഷന്റെ ചങ്ങാതിക്കൂട്ടം എന്ന പദ്ധതിയിലൂടെ മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ട്. 2019-ലും മലയാളം മിഷൻ ചങ്ങാതിക്കൂട്ടം പദ്ധതി ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, മലയാള ഭാഷ, അതിന്റെ വളർച്ചയും വികാസവും അനേക വർഷക്കാലത്തെ പ്രക്രിയയിലൂടെയാണ് ഉണ്ടായിട്ടുള്ളത്. അതനുസരിച്ച് കേരളത്തിലെ സാമൂഹിക അന്തരീക്ഷത്തിൽ വലിയ സംഭാവന ഈ ഭാഷ നൽകിയിട്ടുണ്ട്. കേരളീയ വളർച്ചയ്ക്ക് ഭാഷ വലിയ സംഭാവന നൽകുന്നതോടൊപ്പം അതിനുവേണ്ടി പ്രവർത്തിച്ചിട്ടുള്ള നിരവധിയായ സാംസ്കാരിക നവോത്ഥാന നായകന്മാരുമുണ്ട്. എഴുത്തുകാരുടെയും സാംസ്കാരിക നായകന്മാരുടെയും നവോത്ഥാന നായകന്മാരുടെയും സ്മരണ

എല്ലാക്കാലത്തും നിലനിർത്തുന്നതിനുവേണ്ടി കേരളത്തിന്റെ സാംസ്കാരിക വകുപ്പ് എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കാൻവേണ്ടി തീരുമാനമെടുത്തിരുന്നു. അവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇപ്പോൾ എന്താണ് നടന്നുവരുന്നത്; അതിന്റെ പുരോഗതിയെന്താണെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, കേരളത്തിന്റെ സാംസ്കാരിക ഉന്നമനത്തിനും അതുപോലെതന്നെ കേരളത്തെ ഈ രൂപത്തിൽ മാറ്റിയെടുക്കുന്നതിനും വലിയ സംഭാവന നൽകിയ പ്രതിഭകളുണ്ടായിരുന്നു. അവരുടെയെല്ലാം പേരിൽ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഒരു പദ്ധതിയുണ്ടായിരുന്നു. അതിന്റെ ഭാഗമായി പതിനാല് ജില്ലകളിലും, തിരുവനന്തപുരം-അയ്യങ്കാളി, കൊല്ലം-ശ്രീനാരായണ ഗുരു, പത്തനംതിട്ട - ചട്ടമ്പിസ്വാമി, ആലപ്പുഴ – പി. കൃഷ്ണപിള്ള, കോട്ടയം-ലളിതാംബിക അന്തർജനം, ഇടുക്കി-അക്കാമ്മ ചെറിയാൻ, എറണാകുളം - സഹോദരൻ അയ്യപ്പൻ, തൃശ്ശൂർ - വള്ളത്തോൾ നാരായണ മേനോൻ, പാലക്കാട് - വി. ടി. ഭട്ടതിരിപ്പാട്, മലപ്പുറം-അബ്ദു റഹിമാൻ സാഹിബ്, കോഴിക്കോട് - വൈക്കം മുഹമ്മദ് ബഷീർ, വയനാട്-എടച്ചേന കുങ്കൻ, കണ്ണൂർ-വാഗ്ഭടാനന്ദൻ,

കാസർഗോഡ് - സുബ്രഹ്മണ്യൻ തിരുമുമ്പ് എന്നിവരുടെ പേരിലാണ് കൾച്ചറൽ കോംപ്ലക്സ് പണിയാൻ തീരുമാനിച്ചത്. സ്ഥലം കിട്ടുന്നതിന് ബുദ്ധിമുട്ടുണ്ടായിരുന്നു. പിന്നെ കുറച്ച് സാങ്കേതിക പ്രശ്നങ്ങളുമുണ്ട്. മൂന്ന് ജില്ലകളിലെ പ്രശ്നം പരിഹരിച്ചുകഴിഞ്ഞു. പാലക്കാടും കൊല്ലംകോട്ടും കാസർഗോഡും ഇപ്പോൾ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള സ്ഥലങ്ങളിലൊക്കെ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഞ്ച് ഏക്കർ ഭൂമി നമുക്ക് ആവശ്യമാണ്. കോഴിക്കോട് ജില്ലയിൽ കേരളത്തിന്റെ സാംസ്കാരിക വകുപ്പും ഷാർജ ഭരണാധികാരിയുംചേർന്ന് ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ എന്ന ഒരു വലിയ സംരംഭത്തിന് തുടക്കംകുറിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഷാർജ ഭരണാധികാരിയുമായി സംസാരിച്ചു. അതിന്റെ ഭാഗമായി ഒരു വലിയ കൾച്ചറൽ സെന്ററിനും നവോത്ഥാന സാംസ്കാരിക സമുച്ചയത്തിനുമായി ഇപ്പോൾ മുപ്പത് ഏക്കർ ഭൂമിക്കുള്ള ഫണ്ട് കിഫ്ബിയിൽനിന്ന് ലഭ്യമാക്കിയിട്ടുണ്ട്. അവിടെയും ഈ പദ്ധതി നടപ്പിലാക്കാൻ പോകുകയാണ്. വൈക്കം മുഹമ്മദ് ബഷീറിന്റെ പേരിലാണ് ഈ കൾച്ചറൽ കോംപ്ലക്സ് അറിയപ്പെടുന്നത്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഭാഷ, അത് ഉച്ചാരണത്തിനുശേഷം പ്രായോഗിക തലത്തിലേയ്ക്ക് എത്തിക്കുന്നത് അതിന്റെ ലിപി രൂപീകരണത്തോടുകൂടിയായിരുന്നു. ലിപിയുണ്ടാകുന്നതിനുമുമ്പുതന്നെ ചിത്രങ്ങളായിരുന്നു ആശയ സംവേദനത്തിന് ഉപയോഗിച്ചിരുന്നത്. അങ്ങനെയാണെങ്കിൽ നമുക്ക് കേരളത്തിന് സമ്പന്നമായൊരു ചിത്രകല സംസ്കാരം തന്നെയുണ്ട്. ആ അടിസ്ഥാനത്തിൽ ചിത്രകലയെ കൂടുതൽ പ്രോത്സാഹിപ്പിക്കാനും ചിത്രങ്ങൾ വരയ്ക്കുന്നവർക്ക് കൂടുതൽ ജീവിത സുരക്ഷ ഉറപ്പുവരുത്താനും കഴിയുംവിധം വീടുകളിൽ ഒരു ചിത്രമെങ്കിലും, Art at Home എന്ന പദ്ധതിക്ക് സാംസ്കാരിക വകുപ്പ് രൂപം നൽകിയിട്ടുണ്ടോ; നമ്മുടെ ആശുപത്രികളടക്കമുള്ള സ്ഥലങ്ങളിൽ ഇത്തരത്തിൽ ചിത്രങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി ആ നിലയ്ക്ക് തയ്യാറാക്കാൻ കഴിയുമോ?

ശ്രീ. എ. കെ. ബാലൻ: സർ, കേരള ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ ചിത്രകലാ സംസ്കാരം സംരക്ഷിക്കുന്നതിനും കുറേക്കൂടി ജനകീയമാക്കുന്നതിനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കലാ രംഗത്തും കരകൗശല രംഗത്തും ലോക ശ്രദ്ധ നേടിയ നിരവധി ഉല്പന്നങ്ങൾ

കേരളത്തിലെ പല ഗ്രാമങ്ങളിലും ഇപ്പോൾ ഉല്പാദിപ്പിക്കുന്നുണ്ട്. പ്രത്യേകിച്ച്, ആറന്മുള കണ്ണാടി, കഥകളിയുടെ കിരീടം തുടങ്ങിയവ ഇതിൽ പ്രധാനപ്പെട്ടതാണ്. കരകൗശല പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന മിക്കവാറും ആൾക്കാരുടെ ജീവിതം ദുരിതപൂർണ്ണമാണെന്ന് ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ട്. ഇവരുടെ കരകൗശല പാരമ്പര്യങ്ങളെ സംരക്ഷിക്കുക, കലാകാരൻമാർക്ക് ഉപജീവനമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുക എന്നീ ഉദ്ദേശത്തോടെയാണ് ഈ സർക്കാർ, 'ഗ്രാമീണ കലാ കേന്ദ്രം അഥവാ കലാകാരൻമാരുടെ ഉപജീവനം' എന്ന പദ്ധതി നടപ്പിലാക്കുന്നത്. അതിനായി 20 പൈതൃക ഗ്രാമങ്ങളെയും രണ്ടായിരത്തിലധികം ഗുണഭോക്താക്കളെയും തെരഞ്ഞെടുത്തിട്ടുണ്ട്. ത്രിപുര, ആസ്സാം തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള കരകൗശല വിദഗ്ധൻമാരുടെ നേതൃത്വത്തിൽ ഇവർക്ക് പരിശീലനം നൽകുകയാണ്. കാര്യശേഷി പരിപോഷണം നടത്തുക, കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിക്കുക, ഈടുറ്റ വിപണി ബന്ധങ്ങൾ സ്ഥാപിക്കുക, ഉല്പന്ന പ്രദർശനം നടത്തുക ഇവയെല്ലാമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കായി മൂന്ന് കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. 17 പൈതൃക ഗ്രാമങ്ങളുടെ പ്രവർത്തനം ഇപ്പോൾ ആരംഭിച്ചുകഴിഞ്ഞു.

<u>പ്രൊഫ. കെ. യു. അരുണൻ</u>: സർ, KSFDC( Kerala State Film Development Corporation)-ക്ക് നിലവിൽ എത്ര തിയേറ്ററുകളാണുള്ളത്; പുതിയതായി എത്ര തിയേറ്ററുകൾകൂടി നിർമ്മിക്കാനാണ് സർക്കാരിന്റെ പദ്ധതി; അതുമായി ബന്ധപ്പെട്ട്, നാടകവും സിനിമയുമൊക്കെ സാധാരണ രൂപത്തിൽ മനുഷ്യരെ വളരെപ്പെട്ടെന്ന് ആകർഷിക്കാനും അവരിലേയ്ക്ക് വിപ്ലവകരമായ ആശയങ്ങൾ പകർത്തികൊടുക്കാനും അതുവഴി സാമൂഹികമായ വിപ്ലവത്തിന് അത് ചെറിയ രൂപത്തിലുള്ളതാണെങ്കിൽപ്പോലും നേതൃത്വം നൽകാനും ഉപകരിക്കുന്ന കാര്യങ്ങളാണ്. നമ്മുടെ സർക്കാർപോലും വാസ്തവത്തിൽ പഴയകാലത്തെ നാടകങ്ങളിൽനിന്ന് അങ്ങേയറ്റം ഊർജ്ജം കൊണ്ടുണ്ടായിട്ടുള്ളതാണ്. 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി', കെ. ദാമോദരന്റെ 'പാട്ട ബാക്കി', പഴയകാലത്തെ കൊച്ചീപ്പൻ തരകന്റെ 'മറിയാമ്മ' എന്നീ നാടകങ്ങൾ സാംസ്കാരികമായി മലയാളികൾക്ക് ഒരുപാട് അവബോധം സൃഷ്ടിക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. നാടകങ്ങൾക്കുള്ള തിയേറ്റർ എന്ന രൂപത്തിലല്ല തിയേറ്റർ എന്ന് പറയുമ്പോൾ, അത് ഷേക്സ്പിയർ തിയേറ്ററാകാം അല്ലെങ്കിൽ നമ്മുടെ നാട്ടിലെ സിനി തിയേറ്റേഴ്സും ആകാം. ആ രൂപത്തിൽ ഉൾനാടൻ പ്രദേശങ്ങളിൽ തിയേറ്ററുകൾ സ്ഥാപിക്കാനോ നിലവിലുള്ള

തിയേറ്ററുകളിൽ നമ്മുടെ കഴിവിനനുസരിച്ച് പ്രദർശനങ്ങൾ സംഘടിപ്പിക്കാനോ സർക്കാരിന് ഏതെങ്കിലും രൂപത്തിലുള്ള പദ്ധതികളുണ്ടോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ഗ്രാമങ്ങളിലെ പഴയ തിയേറ്ററുകൾ ഗ്രാമീണ കൂട്ടായ്മയുടെ കേന്ദ്രങ്ങളായിരുന്നു. സിനിമ കാണാൻ ആളുകൾ ഇല്ലാത്തതുകൊണ്ടല്ല, മറ്റ് പല കാരണങ്ങളാൽ ആ തിയേറ്ററുകൾ ഇല്ലാതെയായി. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കെ.എസ്.എഫ്.ഡി.സി.-യുടെ നേതൃത്വത്തിൽ 17 തിയേറ്ററുകളാണ് ഉണ്ടായിരുന്നത്. അതിനുപുറമെ പത്ത് തിയേറ്ററുകൾ കൂടി ഈ വർഷം ആരംഭിക്കാൻ പോകുകയാണ്. കായംകുളത്ത് മൂന്ന് സ്ക്രീനോടുകൂടിയ ഒരു തിയേറ്ററും തൃശ്ശൂർ അളഗപ്പ നഗർ, കോഴിക്കോട് പേരാമ്പ്ര, കണ്ണൂർ പയ്യന്നൂർ എന്നിവിടങ്ങളിൽ രണ്ട് സ്ക്രീനോടുകൂടിയ ഓരോ തിയേറ്ററും ആരംഭിക്കാൻ പോകുകയാണ്. ഇതുപോലെയുള്ള അഞ്ച് തിയേറ്ററുകളുടെകൂടി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ചെങ്ങന്നൂർ, ഒറ്റപ്പാലം, താനൂർ, നെയ്യാറ്റിൻകര, വൈക്കം എന്നിവിടങ്ങളിൽ രണ്ട് സ്ക്രീൻ വീതമുള്ള തിയേറ്ററുകൾ സ്ഥാപിക്കുന്നതിന് 100 കോടി രൂപയുടെ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ

ആരംഭിക്കും. എന്നാൽ കുറഞ്ഞത് 500 തിയേറ്ററുകളെങ്കിലും ഗ്രാമപ്രദേശങ്ങളിൽ ആവശ്യമാണ്. ഇതിന് വലിയ ഡിമാൻഡാണുള്ളത്. നാടകത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ശക്തമായ നടപടികളാണ് സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ ഇപ്പോൾ നടക്കുന്നത്. ഞാൻ അക്കാര്യങ്ങൾ വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. മറ്റേതൊരു കാലഘട്ടത്തിലും കാണാൻ കഴിയാത്ത വിധത്തിൽ നാടകത്തെ പ്രോത്സാഹിപ്പിക്കുന്ന നല്ല ഒരു സമീപനമാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

<u>ശ്രീ. എം. മുകേഷ്</u>: സർ, ഈകാലഘട്ടത്തിൽ ഏറ്റവും കൂടുതൽ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കുന്നത് കലാസാംസ്കാരിക പ്രവർത്തകരാണ്. ഒരു വരി കഥ എഴുതുന്നതിനുമുമ്പും ഒരു ഡയലോഗ് പറയുന്നതിനുമുമ്പും ഇത് ആരെയെങ്കിലും വ്രണപ്പെടുത്തുമോ, ഇതിന്റെ ഭാവി എന്താകും എന്ന് നൂറ് പ്രാവശ്യം നമ്മൾ ആലോചിക്കേണ്ടിവരുന്നു. അങ്ങനെയുള്ള സാഹചര്യത്തിൽ വർഗ്ഗീയതയുടെ പേരിലുള്ള വിദ്വേഷവും അസഹിഷ്ണുതയും വളരുന്ന ഇക്കാലത്ത് അതിനെതിരെയുള്ള പ്രചാരണത്തിൽ സാംസ്കാരിക വകുപ്പിന് വലിയ പങ്ക് വഹിക്കാൻ കഴിയും. വർഗ്ഗീയതയ്ക്കും അസഹിഷ്ണുതയ്ക്കും എതിരെ ജനമനസ്സ് ഉണർത്താൻ സാംസ്കാരിക വകുപ്പ്

എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്?

ശ്രീ. എ. കെ. ബാലൻ: സർ, വളരെ വ്യക്തമായി ഞാൻ പറയാം, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലോകത്തിൽ ഇന്നേവരെ ഔപചാരിക തലത്തിൽ.... 'നമുക്ക് ജാതിയില്ലാ വിളംബര'ത്തിന്റെ നൂറാം വാർഷികത്തിൽ ശ്രീനാരായണഗുരു സന്ദേശം 6,600 ലൈബ്രറികൾ മുഖേന ഏഴ് ലക്ഷം ജനങ്ങളിലേയ്ക്കാണ് എത്തിച്ചത്. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ടതാണ് 'രക്തസാക്ഷ്യം'. അതിനും വേണ്ടവിധത്തിൽ പ്രചാരണം ലഭിച്ചിട്ടില്ല. പക്ഷേ മഹാത്മാഗാന്ധി പോയ പല സ്ഥലങ്ങളിലെയും ആയിരക്കണക്കിന് ജനങ്ങളെ സംഘടിപ്പിച്ചുകൊണ്ടാണ് മഹാത്മഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ ഭാഗമായി 70-ാം വാർഷികം ആചരിച്ചത്. മഹാത്മഗാന്ധിയുടെ 150-ാം ജന്മവാർഷികവുമായി ബന്ധപ്പെട്ട് ശബരി ആശ്രമത്തിൽ, ശബരി ആശ്രമം എന്ന് പറഞ്ഞാൽ എല്ലാവർക്കുമറിയാം. നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് നവോത്ഥാന പ്രക്രിയയിലും വളരെയധികം സംഭാവന നൽകിയതാണ് പാലക്കാട് ജില്ലയിലെ ഒലവകോടുള്ള ശബരി ആശ്രമം. മൂന്ന് പ്രാവശ്യം മഹാത്മാഗാന്ധി വന്ന സ്ഥലമാണ്. കസ്തൂർബ ഗാന്ധിയോടൊപ്പം വന്ന് താമസിച്ച സ്ഥലമാണ്.

അതൊന്നും ചരിത്രത്തിന്റെ ഭാഗമായിത്തന്നെ തോന്നാത്ത രൂപത്തിൽ അസ്തമിച്ചുപോയിരിക്കുകയാണ്. 5 കോടി രൂപ ചെലവിൽ അവിടെ ഗാന്ധിസ്മൃതിക്ക് രൂപം കൊടുക്കുകയും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനവും ചെയ്യുകയും ചെയ്തു. അതുപോലെത്തന്നെ പ്രധാനപ്പെട്ടതാണ് രവീന്ദ്രനാഥ് ടാഗോറിന്റെ 'ഗീതാഞ്ജലി'യുടെ ഇംഗ്ലീഷ് പരിഭാഷയുടെ നൂറാം വാർഷികവുമായി ബന്ധപ്പെട്ട് സാംസ്കാരിക വിനിമയ പരിപാടി ശാന്തിനികേതന്റെ സഹായത്തോടുകൂടി നടത്തുകയാണ്. അവിടെയുള്ള കലാകാരൻമാർ ഇവിടേയ്ക്കും വരും ഇവിടെയുള്ള കലാകാരൻമാർ അവിടേയ്ക്കും പോകും. ഈ രൂപത്തിൽ ഇത്തരം വേദികളെ ഉപയോഗപ്പെടുത്തികൊണ്ട് നമ്മുടെ രാജ്യത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ, ആശയതലത്തിൽ വർഗ്ഗീയതയ്ക്കും തെറ്റായ ചിന്താഗതിക്കും എതിരായിട്ടുള്ള പോരാട്ടം ശക്തിപ്പെടുത്തിയേ മതിയാകൂ. സാംസ്കാരിക രംഗം ശ്രദ്ധിക്കുന്നില്ലെങ്കിൽ കേവലം ഒരു രാഷ്ട്രീയ പ്രവർത്തനംകൊണ്ടുമാത്രം നേരിടാൻ കഴിയുന്ന പ്രശ്നങ്ങളും പ്രതിസന്ധികളുമല്ല നമ്മുടെ മുമ്പിലുള്ളതെന്ന് മനസ്സിലാക്കികൊണ്ട് ഈ വേദികളെ പരിപൂർണ്ണമായി ഉപയോഗിക്കുന്നതിന് അതിശക്തമായിട്ടുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, മലയാള ഭാഷയുടെ പ്രചോദനത്തിനുവേണ്ടി മലയാളം മിഷൻ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സന്നദ്ധ സേവകരായി പ്രവർത്തിക്കുന്നവർക്ക് 5000 രൂപ ഓണറേറിയം നിശ്ചയിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചു. അത് അഭിനന്ദനീയവുമാണ്. മലയാളം മിഷന്റെ നേതൃത്വത്തിൽ സ്കൂൾ മേഖലയിൽ വിപുലമായ പരിപാടികൾ നടത്താൻ ഉദ്ദേശമുണ്ടോ; ഗവൺമെന്റ് വളരെ മാതൃകാപരമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കലാകാരൻമാർക്കുള്ള 'വജ്ര ജൂബിലി ഫെല്ലോഷിപ്പ്' പദ്ധതി. ആ കലാകാരൻമാരെക്കൂടി മലയാളം ഭാഷയുടെ പ്രചോദനത്തിനുവേണ്ടി ഉപയോഗിക്കാൻ കഴിയുമോ; അതിന് പദ്ധതിയുണ്ടോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, മലയാളം മിഷന്റെ പ്രവർത്തനം ശക്തമാക്കാൻ ഗവൺമെന്റ് തീരുമാനിച്ചു കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പേരിന് നാല് സംസ്ഥാനങ്ങളിലും രണ്ട് വിദേശ രാജ്യങ്ങളിലും മാത്രമേ മലയാളം മിഷൻ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ ഇന്ത്യയിലെ 16 സംസ്ഥാനങ്ങളിലും 31 വിദേശ രാജ്യങ്ങളിലും മലയാളം മിഷന്റെ പ്രവർത്തനം സജീവമായി നടക്കുകയാണ്. ഒരു ലക്ഷത്തോളം

കുട്ടികളാണ് ഇപ്പോൾ ഇതിൽ പഠിതാക്കളായിട്ടുള്ളത്. വിദേശത്ത് വലിയ ആവേശത്തോടുകൂടിയ സ്വീകരണമാണ് മലയാളം മിഷന് ലഭിച്ചുകൊണ്ടിരിക്കുന്നത്. ലോകത്തിന്റെ എല്ലാ ഭാഗത്തും, മലയാളി എവിടെയുണ്ടോ അവിടെയെല്ലാം മലയാളം മിഷന്റെ പ്രവർത്തനം ശക്തമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വജ്ര ജൂബിലി ഫെല്ലോഷിപ്പുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ഒരു പ്രശ്നം നമുക്കറിയാം. വിവിധ കലകളിൽ, ക്ലാസിക് കലകളായാലും ലളിത കലകളായാലും അതുമായി ബന്ധപ്പെട്ട് പഠനം പൂർത്തിയാക്കി പുറത്തുവരുന്ന പ്രതിഭകളുടെ മാനസികാവസ്ഥ ഊഹിക്കാൻപോലും കഴിയാത്തതാണ്. ഒരു നേരത്തെ കഞ്ഞി കുടിക്കാനുള്ള വകപോലും അവർക്കില്ല. ഞങ്ങൾ അത് മനസ്സിലാക്കി 1,000 കലാകാരൻമാരെ തെരഞ്ഞെടുത്ത് വജ്ര ജൂബിലി ഫെല്ലോഷിപ്പ് പദ്ധതി നടപ്പിലാക്കി ഓരോ ആൾക്കും 15,000 രൂപ ഓണറേറിയം നൽകുകയാണ്. ഏതാണ്ട് 46 കലാരൂപങ്ങളിൽ ഇവർക്കിപ്പോൾ പരിശീലനം ലഭിച്ചിട്ടുണ്ട്. അവരെ ഞങ്ങൾ 170 ക്ലസ്റ്ററുകളാക്കി വീതിച്ച് ഓരോ ക്ലസ്റ്ററിലും ആറ് പേരാണ് ഉണ്ടാകുന്നത്. എന്നിട്ട് ഓരോ പ്രദേശത്തെയും ക്ലാസിക് /ലളിത കലയുമായി ബന്ധപ്പെട്ട് താല്പര്യമുള്ള കുട്ടികൾക്ക് പരിശീലനം നൽകുകയാണ്. അംഗീകൃത

സ്ഥാപനങ്ങളിൽനിന്ന് പാസ്സായിട്ടുള്ള കുട്ടികൾക്ക് വജ്ര ജൂബിലി ഫെല്ലോഷിപ്പ് നൽകുന്ന പദ്ധതി ശക്തിപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. അതുമായി ഗവൺമെന്റ് മുന്നോട്ടുപോകും. ഈ മേഖലയുമായി ബന്ധപ്പെട്ട് നിരാശരായിട്ടുള്ള എത്രയോ പ്രതിഭകൾക്ക് ഇന്ന് ഇത് വലിയൊരു ആശ്വാസമായി മാറിയിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ ഒരു നേട്ടമാണിത്. ഇന്ത്യയിലെ ഒരു സ്ഥലത്തും ഇത്തരത്തിലുള്ള ഫെല്ലോഷിപ്പ് നൽകുന്നില്ല.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, മലയാള ഭാഷയുടെ പ്രയോഗം വിപുലപ്പെടുത്താൻ സർക്കാർ നടത്തുന്ന ശ്രമം വളരെ ശ്ലാഘനീയമാണ്. ശാസ്ത്ര സാങ്കേതിക വൈജ്ഞാനിക മേഖലയിൽ വിസ്മയകരമായ പുരോഗതി കൈവരിച്ചുകൊണ്ട് സമൂഹം മുന്നേറുകയാണ്. നിരവധി ലേണിംഗ് ആപ്പുകൾ നിലവിലുള്ള ഈ കാലഘട്ടത്തിൽ, പ്രവാസികൾക്ക് മലയാള ഭാഷാ പഠനം എളുപ്പമാക്കുന്നതിന് ഒരു ലേണിംഗ് ആപ്പ് വികസിപ്പിച്ചെടുക്കുന്നതിന് മലയാള മിഷൻ തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ലേണിംഗ് ആപ്പുമായി ബന്ധപ്പെട്ട് പൂക്കാലം വെബ് മാഗസിൻ, ഭൂമി മലയാളം വാർത്താ പത്രിക, സുവനീർ ഷോപ്പ്,

മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ്, റേഡിയോ മലയാളം എന്നിവയെല്ലാമടങ്ങുന്ന മൊബൈൽ ആപ്പ് ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത മാസംതന്നെ ബന്ധപ്പെട്ട എല്ലാവർക്കും ഉപയോഗിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതിന്റെ ഭാഗമായി തന്നെയാണ് ലേണിംഗ് ആപ്പിന് മലയാളം മിഷൻ ഇപ്പോൾ രൂപം നൽകിയത്. ഏറ്റവും ശ്രദ്ധേയമായിട്ടുള്ള ഒരു സംരംഭമായിരുന്നു ഇത്.

ശ്രീ. പി. സി. ജോർജ്: സർ, 1819-ൽ .....(ബഹളം)......(ബഹളം) നിങ്ങൾ പറയുന്നത് ന്യായമാണ്..... എന്നെയൊന്ന് പറയാൻ അനുവദിക്കൂ.... എന്റെ ഒരു ചോദ്യം.....ഞാൻ നിങ്ങൾക്ക് അനുകൂലമാണ്; മര്യാദകേടാണ് അവർ നടത്തിയത്. പോലീസിന്റെ ആക്രമണം തെറ്റാണ്; പക്ഷേ ഒന്ന് പറയാൻ അനുവദിക്കൂ.....

മി. സ്പീക്കർ: ഉച്ചഭാഷിണി അങ്ങയുടെ കയ്യിലാണ്. അങ്ങ് പറയുന്നതാണ് കേൾക്കുന്നത്. അങ്ങ് പറഞ്ഞോളൂ.

ശ്രീ. പി. സി. ജോർജ്: സർ, 1819-ലാണ് ആദ്യമായി കാർട്ടൂൺ മലയാളത്തിൽ ഉണ്ടായത്. ഡോ. എം. കെ. മുനീർ ഉൾപ്പെടെയുള്ള കാർട്ടൂണിസ്റ്റുകളും നമ്മുടെ സഭയിലുണ്ട്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട

മന്ത്രി ഒന്നുംപറഞ്ഞ് കേട്ടില്ല. ഇവിടെ മലയാളം നന്നാക്കുന്നതിനുവേണ്ടി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ട്. അതിൽ 'ഇൻസ്റ്റിറ്റ്യൂട്ട്' എന്നത് ഇംഗ്ലീഷ് വാക്കല്ലേ; വിജ്ഞാനവുമായി ബന്ധപ്പെട്ട് ഒട്ടേറെ സ്ഥാപനങ്ങൾ ഇങ്ങനെ കേരളത്തിൽ ഓരോ ഗവൺമെന്റും സ്ഥാപിച്ചിട്ടുണ്ട്. ഇതെല്ലാംകൂടി ഒരുകുടക്കീഴിലാക്കാനുള്ള നടപടികളെപ്പറ്റി ആലോചിക്കണ്ടേ; ഞാൻ ഓർമ്മിക്കുന്നു, ശ്രീ. എം. എ. ബേബിയാണ് ഏറ്റവും കൂടുതൽ വാക്കുകൾ മലയാളത്തിൽ ഉപയോഗിക്കാൻ നിർബന്ധമായി ആഗ്രഹിക്കുന്നത്. അദ്ദേഹം 'സുഹൃത്ത്' എന്നതിന് 'സഹബഞ്ചൻ' എന്നും 'വണ്ടി' എന്നതിന് 'യന്ത്രചകടം' എന്നുമാണ് പറയുന്നത്. അതുപോലെ മലയാളമാക്കരുത്. അത് എന്തോന്ന് മലയാളമാണ്; ബഞ്ചിനും അതുപോലത്തെ വാക്കുകളാണുള്ളത്. നമുക്ക് പരിചിതമായിട്ടുള്ള ഇംഗ്ലീഷ് വാക്കുകൾകൂടി മലയാളത്തിന്റെ ഭാഗമാക്കി മാറ്റാനുള്ള നടപടിയും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് പ്രചോദനവും നൽകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

മി. സ്പീക്കർ: ഇപ്പോൾത്തന്നെ അങ്ങനെയാണല്ലോ;

ശ്രീ. എ. കെ. ബാലൻ: സർ, ഇപ്പോൾ ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ, ചിത്രകലയെയും വാസ്തുകലയെയും സംരക്ഷിക്കുന്നതിനും

പരിപോഷിപ്പിക്കുന്നതിനുമുള്ള ഏറ്റവും നല്ല ശ്രദ്ധേയമായിട്ടുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. മലയാള ഭാഷാ വ്യാപനത്തിന്റെ ഭാഗമായി 1957-ൽ അധികാരത്തിൽ വന്ന ഇ. എം. എസ്. ഗവൺമെന്റാണ് ആദ്യമായി ഔദ്യോഗിക ഭാഷാ സമിതിയെ ഇതിനുവേണ്ടി നിയമിച്ചത്. അതിനെത്തുടർന്നാണ് ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്. ഭരണഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് കോടതി ഭാഷ മലയാളമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. പക്ഷേ അത് പൂർണ്ണതയിലേയ്ക്ക് എത്തിക്കാൻ സാധിച്ചിട്ടില്ല. എല്ലാ തലങ്ങളിലും ഭാഷ മലയാളത്തിലേയ്ക്ക് എത്തിക്കുക എന്നുള്ളത് ശ്രമകരമായിട്ടുള്ള ഒരു ജോലിയാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 343 പ്രകാരം ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും ഭാഷ ഇംഗ്ലീഷ് ആയിരിക്കണമെന്നത് നിർബന്ധമാണ്. സബോർഡിനേറ്റ് കോടതിയുടെ ഭാഷ മലയാളമാക്കുന്നതിന് യാതൊരു തടസ്സവുമില്ല. ആ ദിശയിൽ 1985-ൽ ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ രൂപംകൊണ്ടതിനുശേഷം ഇത്രയും വർഷം കഴിഞ്ഞിട്ടും അത് നമുക്ക് പൂർണ്ണതയിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇപ്പോൾ റിവ്യൂ

നടത്തിക്കൊണ്ടിരിക്കുകയാണ്. അതിലേയ്ക്കും ഒരു വലിയ ഇടപെടലാണ് നടത്തുന്നത്. സാങ്കേതിക പദങ്ങൾ മലയാളത്തിലേയ്ക്ക് ആക്കുന്നതുമായി ബന്ധപ്പെട്ടും ഔദ്യോഗിക ഭാഷാ സംരക്ഷണവുമായി ബന്ധപ്പെട്ടും സാംസ്കാരിക വകുപ്പിന്റെ കീഴിൽ വലിയ ശ്രമം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടത്തുന്നത്.

മി. സ്പീക്കർ: ഉപയോഗിച്ചുപയോഗിച്ച് മലയാളമായിത്തീർന്ന ഇംഗ്ലീഷ് വാക്കുകളുണ്ട്. അത് ഇനി തിരിച്ച് വയ്ക്കാൻ കഴിയുമോ; 'switch' എന്നതിന് 'വൈദ്യുതഗമനാഗമനനിയന്ത്രണ യന്ത്രം' അമർത്തു എന്നുപറയാൻ സാധിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, പ്രായോഗികമായി ചില ഇംഗ്ലീഷ് വാക്കുകളാണ് എളുപ്പത്തിൽ ഉപയോഗിക്കാൻ സാധിക്കുന്നത്. ഞാൻ പറയുന്നത്, വല്ലാത്ത ഒരു മലയാളവൽക്കരണത്തിന്റെ പേരിൽ യാന്ത്രികമായ തീരുമാനങ്ങൾ എടുത്തതുകൊണ്ട് കാര്യമില്ലല്ലോ; യാഥാർത്ഥ്യബോധത്തോടുകൂടിതന്നെ നീങ്ങുന്നതായിരിക്കും നല്ലത്. നമുക്ക് പൊതുവിൽ സ്വീകരിക്കാൻ പറ്റുന്ന ചില വാക്കുകളെ ഡിസ്റ്റർബ്

ചെയ്യാതിരിക്കുന്നതായിരിക്കും നന്നാകുക.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട പി. സി. ജോർജിന്റെ ആശയക്കുഴപ്പം ഒന്ന് പരിഗണിക്കണം. ഈ ഭാഷാപരിണാമം, അതായത് വാക്കുകൾ എല്ലാ ഭാഷകളിലുമുണ്ട്. ബഞ്ച്, ഡെസ്ക് തുടങ്ങിയവയെല്ലാം ഇംഗ്ലീഷ് ഭാഷകളാണ് അതിപ്പോൾ മലയാളമാണ്. നിങ്ങൾ 'ശകടം' എന്ന് പറഞ്ഞത് സംസ്കൃത ഭാഷയാണ് വാഹനമെന്ന് പറഞ്ഞാൽമതി. മലയാള ഭാഷയെ നമ്മൾ സ്വയം ആക്ഷേപിക്കരുത്. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട 60 ഭാഷകളിൽ ഒന്നാണ് മലയാളം ഭാഷ. അങ്ങയോട് ഞാൻ പറഞ്ഞെന്നുമാത്രമേയുള്ളൂ. അങ്ങ് ദുരുദ്ദേശപൂർവ്വം പറഞ്ഞതല്ല.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ ഉന്നത വിദ്യാഭ്യാസ രംഗത്തുൾപ്പെടെ അദ്ധ്യയന മാധ്യമം മലയാളത്തിൽ ആക്കുന്നതിനെ സംബന്ധിച്ച് നേരത്തെതന്നെ ആലോചിച്ചെന്ന് പറഞ്ഞു. പക്ഷേ, നമ്മുടെ പൊതു വിദ്യാലയങ്ങളൊക്കെ മുന്നേറുമ്പോൾപ്പോലും ഇംഗ്ലീഷ് മീഡിയത്തിലേയ്ക്ക് മാറാനുള്ള വലിയ പ്രവണത എല്ലാ സ്ഥലങ്ങളിലുമുണ്ട്. ലോകത്ത് സ്വന്തം മാതൃഭാഷയിലല്ലാതെ സ്കൂൾ വിദ്യാഭ്യാസം നടക്കുന്നത് പഴയ

കൊളോണിയൽ ഭരണത്തിന്റെ ജീർണ്ണബോധംപേറുന്ന ഇന്ത്യയും അപ്പുറത്ത് പാകിസ്ഥാനും ബംഗ്ലാദേശും പോലുള്ള രാജ്യങ്ങളിൽ മാത്രമാണ്. അങ്ങേയ്ക്കുപോലും അറിയാം, ലാറ്റിൻ അമേരിക്ക സന്ദർശിക്കാൻ നമ്മൾ ഒരുമിച്ച് ഒരു ഘട്ടത്തിൽ പോയിരുന്നു. അവിടത്തെ മുഴുവൻ ആളുകളുടെയും ഭാഷ സ്പാനിഷാണ്. ഇംഗ്ലീഷ് ഭാഷ കൊണ്ടൊന്നും ഒരു രക്ഷയുമുണ്ടായിട്ടില്ല. അതുപോലെ രണ്ടാംലോക മഹായുദ്ധത്തിൽ തകർന്നുപോയ ജപ്പാൻ കുതിച്ചുയർന്നത് ജാപ്പനീസ് ഭാഷ ഉപയോഗിച്ചാണ്. ചൈന മുന്നേറുന്നത് ചൈനീസ് ഭാഷയിലാണ്. അമേരിക്കയിൽ അമേരിക്കൻ ഇംഗ്ലീഷാണ്. ഫ്രാൻസിൽ ഫ്രഞ്ച് ഭാഷയാണ്. ജർമനിയിൽ ജർമൻ ഭാഷയാണ്. എന്തുകൊണ്ടാണ് മാതൃഭാഷയിൽ വിദ്യാഭ്യാസം ചെയ്യുന്നത് എന്ന് നമുക്ക് അറിയാം. ചിന്തയുടെ മൗലികത എന്ന് പറഞ്ഞാൽ മൗലികമായ ചിന്തയാണ്, അത് രൂപപ്പെടണമെങ്കിൽ നമ്മൾ സ്വപ്നം കാണുന്ന, നമ്മൾ ചിന്തിക്കുന്ന, നമ്മൾ ഇടപഴകുന്ന ചുറ്റുപാടുമുള്ള ഭാഷയിൽവേണം വിദ്യാഭ്യാസം ചെയ്യാൻ. മാതൃഭാഷയിലല്ലാതെ സ്കൂൾ വിദ്യാഭ്യാസം നടത്തുന്ന ഒരു വൈകൃതം ഇവിടെ നടക്കുന്നു. അതുകൊണ്ടുതന്നെ മാതൃഭാഷയിൽ നമ്മുടെ സ്കൂൾ വിദ്യാഭ്യാസം ഉണ്ടാകേണ്ടത് നിർബന്ധമാണ്. മലയാള ഭാഷയിൽ ശാസ്ത്രം, സാങ്കേതിക

വിദ്യ, നിയമം ഇതുപോലുള്ള കാര്യങ്ങളിലൊക്കെ നമ്മുടെ പദസമ്പത്തും മറ്റുമൊക്കെ മെച്ചപ്പെടുന്നതിനാണ് 'സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചത്. ആ മേഖലയിൽ സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ പ്രതീക്ഷിച്ച നിലയിൽ എത്രത്തോളം മുമ്പോട്ടുപോയിട്ടുണ്ടെന്നുള്ളകാര്യമാണ് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കേണ്ടത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ശരിയാണ്. അധിനിവേശത്തിന്റെ ഭാഗമായി നമ്മുടെ രാജ്യത്ത് വന്ന ഒരു ഭാഷയാണ് ഇംഗ്ലീഷ് ഭാഷ. മലയാളത്തെ എങ്ങനെയാണ് അത് നശിപ്പിച്ചത് എന്നുള്ളത് നമുക്കറിയാം. അതിന്റെ അർത്ഥം ഏതെങ്കിലുമൊരു ഭാഷയോട് വെറുപ്പുള്ളതുകൊണ്ടല്ല. എല്ലാ ഭാഷകളും പഠിക്കുകയും സംരക്ഷിക്കപ്പെടുകയും ചെയ്യണം. അതോടൊപ്പം നമ്മുടെ മലയാളത്തെ ഒരു രൂപത്തിലും നശിക്കാൻ അനുവദിച്ചുകൂടാ; ഇതിന്റെ ഭാഗമായാണ് നമ്മുടെ കേരളത്തിൽ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനം മലയാള സംരക്ഷണവുമായി ബന്ധപ്പെട്ടുകൊണ്ട് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് അദ്ധ്യയന മാധ്യമം മലയാളമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ്

വൈജ്ഞാനിക സാഹിത്യം ഉൽപ്പാദിപ്പിക്കുന്നതിന്റെ ഏറ്റവും ഫലപ്രദമായ നടപടികൾ ഇപ്പോൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നത്. നിരവധി പ്രവർത്തനങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നുണ്ട്. ഇക്കാര്യങ്ങളൊക്കെ നേരത്തെ ഞാൻ വിശദീകരിച്ചതാണ്. ബഹുമാനപ്പെട്ട അംഗം സഭയിലെ ബഹളംകാരണം കേൾക്കാതിരുന്നതായിരിക്കും. സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് 1961-ലാണ് ആരംഭിച്ചത്. 1972-ലാണ് അതിന്റെ ഒന്നാം വാല്യം പ്രസിദ്ധീകരിച്ചത്. ഇതുവരെ ഇൻസ്റ്റിറ്റ്യൂട്ട് അച്ചടിച്ച് പ്രസിദ്ധീകരിച്ച സർവ്വവിജ്ഞാനകോശത്തിന്റെ 17 വാല്യങ്ങളിൽ 15 വാല്യങ്ങളും ഇപ്പോൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. അവ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റിൽ ഇപ്പോൾ വായിക്കാൻ കഴിയും. സ്വരങ്ങളും വ്യഞ്ജനങ്ങളും കൂടി 56 അക്ഷരങ്ങളാണുള്ളത്. ഓരോ അക്ഷരത്തിന്റെയും പിരിവുകൾ ഉൾക്കൊണ്ട് സർവ്വവിജ്ഞാനകോശം ഇപ്പോൾ പൂർത്തീകരിച്ചുകഴിഞ്ഞു. സ്വരങ്ങളുടേത് പൂർത്തിയായി, വ്യഞ്ജനവുമായി ബന്ധപ്പെട്ട് 'പ' വരെ എത്തിക്കഴിഞ്ഞു. വലിയൊരു ശ്രമകരമായിട്ടുള്ള ജോലിയാണ് ഇപ്പോൾ സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനവും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനവും ഏറ്റവും നന്നായി

പോകുകയാണ്. അതുമായി ബന്ധപ്പെട്ടുള്ള ആൾക്കാർ ഇതിൽ പരിപൂർണ്ണമായി കേന്ദ്രീകരിക്കുന്നുണ്ട്. ഇതിനെ ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ മലയാളീകരിക്കാത്ത മേഖലകളിലേയ്ക്ക് പ്രത്യേകിച്ച് ഐ.ടി., കമ്പ്യൂട്ടർ സയൻസ്, ലോ, നാനോ ടെക്നോളജി, ഈ മേഖലയിലേയ്ക്ക് മലയാളത്തിന്റേതായിട്ടുള്ള വാക്കുകളില്ല. മലയാളീകരിക്കുന്നതിനുള്ള നടപടികൾ ഇത്തരം മേഖലകളിലേയ്ക്ക് നടത്തുന്നതിൽ ഈ സ്ഥാപനങ്ങൾ ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഫലപ്രദമായിട്ടുള്ള ഇടപെടലുകളാണ് ഇപ്പോൾ നടത്തുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, മലയാള ഭാഷയുടെയും കലകളുടെയും ഒരു സുവർണ്ണ കാലഘട്ടമാണിത്. ഈ കാര്യത്തിൽ ഗവൺമെന്റ് കാണിക്കുന്ന സവിശേഷമായ താൽപ്പര്യത്തിന് പ്രത്യേകമായ അഭിനന്ദനം അറിയിക്കുകയാണ്. കേരളത്തിൽ, ഇപ്പോൾ പി.എസ്.സി.-യുടെ എല്ലാ പരീക്ഷകളും മലയാളത്തിൽ എഴുതാൻ സൗകര്യമുണ്ടാക്കുക എന്നുള്ളത് ഭാഷാപ്രേമികളുടെയും മലയാളികളുടെയും ഒരു വലിയ ആവശ്യമാണ്. ഇനി ഏതൊക്കെ പരീക്ഷകളാണ് മലയാളത്തിൽ എഴുതാൻ പി.എസ്.സി. അവസരം കൊടുക്കാതിരിക്കുന്നത്; കെ.എ.എസ്. ഉൾപ്പെടെയുള്ള എല്ലാ പരീക്ഷകളും

മലയാളത്തിൽ എഴുതാനുള്ള അവസരമുണ്ടാകണം. അനുയോജ്യമായ ചില സാങ്കേതിക പദങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയുന്നില്ല അതുകൊണ്ട് ചില പരീക്ഷകൾ ഇപ്പോഴും ഇംഗ്ലീഷിൽത്തന്നെ എഴുതാൻ സാധിക്കുകയുള്ളൂ എന്നൊരു വാശി പി.എസ്.സി. യുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. ഇക്കാര്യത്തിൽ സർക്കാർ എന്ത് നിലപാടാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. എ. കെ. ബാലൻ: സർ, പ്ലസ് ടു അടിസ്ഥാന യോഗ്യതയുള്ള പബ്ലിക് സർവ്വീസ് കമ്മീഷൻ (പി.എസ്.സി.) പരീക്ഷകളെല്ലാം ഇപ്പോൾ മലയാളത്തിൽ തന്നെയാണ് നടത്തുന്നത്. ഗ്രാഡ്വേഷൻ അടിസ്ഥാന യോഗ്യതയുള്ള പരീക്ഷകൾ ഇപ്പോഴും ഇംഗ്ലീഷിലാണ് നടത്തുന്നത്. അതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള പ്രശ്നങ്ങൾ ഗവൺമെന്റ് വളരെ ഗൗരവത്തിൽ പരിശോധിച്ചു. അടിസ്ഥാന യോഗ്യത ഗ്രാഡ്വേഷൻ ആയിട്ടുള്ള പരീക്ഷകളുമായി ബന്ധപ്പെട്ടുകൊണ്ട് മലയാളത്തിൽക്കൂടി ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. പോലെയുള്ള ഓട്ടോണമസ് സ്ഥാപനങ്ങളുടെ മേൽ ഒന്നും അടിച്ചേൽപ്പിക്കാൻ നമുക്ക് സാധിക്കില്ല. അവർക്ക് അവരുടേതായിട്ടുള്ള ന്യായങ്ങളുണ്ട്.

പ്രത്യേകിച്ച് വളരെയധികം സ്വകാര്യതയിൽ ചെയ്യേണ്ട ഒരു പ്രക്രിയയാണ് പി.എസ്.സി.-യുമായി ബന്ധപ്പെട്ടുള്ള ചോദ്യപേപ്പർ തയ്യാറാക്കൽ. അത് ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേയ്ക്ക് മാറ്റുമ്പോൾ സ്വാഭാവികമായും ട്രാൻസലേഷൻ വേണ്ടി വരും. അതിന്റെ സ്വകാര്യത ഏതെല്ലാം രൂപത്തിൽ ചോദ്യം ചെയ്യപ്പെടുമെന്നുള്ള കാര്യത്തിൽ ആശങ്കയിലാണ്. ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടുതന്നെ ഗ്രാഡ്വേഷൻ ബേസിക് ക്വാളിഫിക്കേഷനായ ജോലികളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പരീക്ഷകൾ മലയാളത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ ഗവൺമെന്റ് നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വൈസ് ചാൻസലർമാരുടെയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സംയുക്താഭിമുഖ്യത്തിൽ യോഗം വിളിച്ചു ചേർത്തു. ഇതുസംബന്ധിച്ച് പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമുള്ള ശക്തമായ ഇടപെടലുകളാണ് ഇപ്പോൾ ഗവൺമെന്റ് നടത്തുന്നത്. ഇത് ഒറ്റയടിക്ക് യാന്ത്രികമായി നമുക്ക് നടപ്പിലാക്കാൻ കഴിയില്ല. ഘട്ടംഘട്ടമായി എല്ലാ പരീക്ഷകളും മലയാളത്തിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കും.

<u>ശ്രീ. എം. സ്വരാജ്</u>: ബഹുമാനപ്പെട്ട സ്പീക്കർ, കൊളോണിയൽ വാഴ്ചയുടെ

ചരിത്രമുള്ള ലോകത്തിലെ എല്ലാ പ്രദേശങ്ങളിലും അവിടത്തെ ഭാഷയിലെന്നപോലെ സ്ഥലനാമങ്ങളിലും ആ കൊളോണിയൽ സ്പർശം നമുക്ക് കാണാൻ സാധിക്കും. എന്നാൽ ഈ പുതിയ കാലത്ത് അത്തരത്തിലുള്ള എല്ലാ രൂപഭാവങ്ങളെയും കഴുകികളയാനാണ് ലോകത്തിലെല്ലായിടത്തും ശ്രമങ്ങൾ നടക്കുന്നത്. അതിന്റെ ഏറ്റവും വലിയ ഉദാഹരണം ദക്ഷിണാഫ്രിക്ക തന്നെയാണ്. കൊളോണിയൽ കാലത്ത് ചാർത്തിക്കൊടുത്ത സ്ഥലപ്പേരുകളെല്ലാം മാറ്റി അവർ യഥാർത്ഥ പേരുകൾ വീണ്ടെടുക്കുകയാണ്. നമ്മുടെ രാജ്യത്തും അത്തരത്തിലുള്ള ഒരുപാട് നീക്കങ്ങൾ നടന്നിട്ടുണ്ട്. സമീപ സംസ്ഥാനങ്ങളുടെയും അവയുടെ തലസ്ഥാനങ്ങളുടെയുമെല്ലാം പേരിൽ നമ്മളത് കണ്ടതാണ്, കേരളത്തിലുമുണ്ടാകാം. എന്റെ ചോദ്യം, ഇപ്പോഴും കേരളം എന്നത് ഇംഗ്ലീഷിൽ എഴുതുമ്പോൾ " KERALA" ആണ്. " M" ഇല്ല. ഹിന്ദിയിൽ എഴുതിയാലും അങ്ങനെയാണ്. സ്ഥലത്തിൽ കേരളം, കേരളമായി നിലനിർത്താൻ സാധിക്കണം. യാന്ത്രികമായി മലയാളീകരിക്കുന്ന വാക്കുകളെക്കുറിച്ചൊക്കെ ഇവിടെ ചർച്ച ചെയ്തു. അത്തരം വിഷയങ്ങളിൽ നമുക്ക് വ്യത്യസ്ത അഭിപ്രായം ഉണ്ടാകേണ്ട കാര്യമില്ല. Keralam ആയി തന്നെ കേരളത്തെ നിലനിർത്താൻ സാധിക്കുന്നതിന് ആവശ്യമായ നടപടികൾ

സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, Kerala-യെ Keralam ആക്കി തന്നെ നിലനിർത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിലൊരു ആശങ്കയുടെയും പ്രശ്നം വരുന്നില്ല. കൊളോണിയൽ സ്വാധീനത്തിന്റെ ഭാഗമായി സ്ഥലനാമങ്ങളിൽ അനേകം മാറ്റങ്ങൾ വന്നിരുന്നു. നമ്മളും കുറേ അതിന്റെകൂടെ പോയിരുന്നു. ഒരു കാലഘട്ടത്തിൽ കാനന്നൂർ എന്നായിരുന്ന കണ്ണൂർ ഇപ്പോൾ കണ്ണൂരായി. കാലിക്കറ്റ് ഇപ്പോൾ കോഴിക്കോട് എന്നുതന്നെ പറഞ്ഞു തുടങ്ങി. കൊയിലോൺ എന്നത് കൊല്ലവും ട്രിവാൻഡ്രം എന്നായിരുന്നത് തിരുവനന്തപുരം എന്നുതന്നെ പറയുന്നുണ്ട്. ഭാഷാപ്രയോഗവുമായി ബന്ധപ്പെട്ടുകൊണ്ട് ദൈനംദിനം നമ്മൾ ആ വാക്ക് ഉപയോഗിച്ചാൽ പിന്നെ അത് സാർവ്വത്രികമാകും. കൊളോണിയൽ സ്വാധീനത്തിന്റെ ഭാഗമായി സ്ഥലനാമങ്ങളിൽ വന്നിട്ടുള്ള മാറ്റം ഇപ്പോൾ മാറിക്കൊണ്ടിരിക്കുകയാണ്. അതിനെ സംബന്ധിച്ച് ഒരു പ്രശ്നവുമില്ല. കാലക്രമത്തിലത് മാറ്റിയെടുക്കാൻ നമുക്ക് സാധിക്കും. കേരളം എന്നു തന്നെയായിരിക്കും ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളമുള്ള തീരുമാനം. അത് മാറ്റുന്നതിനുള്ള ഏതൊരു നടപടിയും ഉണ്ടാകില്ല.

പട്ടികജാതി കോളനികളുടെ സമഗ്രവികസനം

2(*512) ശ്രീ. ബി. സത്യൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങൾക്ക് പ്രാമുഖ്യമുള്ള ആയിരം കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആവശ്യകതയുടെ അടിസ്ഥാനത്തിൽ നടത്തിവരുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) ഓരോ കുടുംബത്തിനും വിദ്യാഭ്യാസവും തൊഴിലും ആവശ്യമായ അടിസ്ഥാന സൗകര്യവും ഏർപ്പെടുത്തുമെന്ന വാഗ്ദാനം പ്രാവർത്തികമാക്കുന്നതിനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(സി) പട്ടികജാതി കുടുംബങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് പദ്ധതിയുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

സർ,

(എ) അടിസ്ഥാന സൗകര്യവികസനത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികജാതി കോളനികളുടെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം മുതൽ അംബേദ്കർ ഗ്രാമം പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 255 കോളനികളെയും 2018-19 വർഷം പ്രളയ പുനരധിവാസത്തിന്റെ ഭാഗമായി 89 കോളനികളെയും 2019-20 സാമ്പത്തിക വർഷം 73 കോളനികളെയും തെരഞ്ഞെടുത്തിട്ടുണ്ട്.

മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച 206 സ്വയംപര്യാപ്ത ഗ്രാമങ്ങളിൽ പൂർത്തീകരിക്കാതെയിരുന്നത് ഇപ്പോൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. 162 കോളനികളിലെ പ്രവൃത്തികൾ പൂർത്തിയാക്കി.

ഇതിനുപുറമെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് 199 കോളനികളിൽ കുടിവെള്ള പദ്ധതികളും 157 കോളനികളിൽ റോഡും നിർമ്മിച്ചു.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പട്ടികജാതി വികസന വകുപ്പ് നിരവധി സ്ഥാപനങ്ങൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

- 85 നഴ്സറി സ്കൂളുകൾ
- 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ
- 44 ഐ.റ്റി.ഐ.- കൾ
- ഒരു മെഡിക്കൽ കോളേജ്
- ഒരു കമ്മ്യൂണിറ്റി കോളേജ്
- 87 പ്രീമെട്രിക് ഹോസ്റ്റലുകൾ
- 19 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ
- സന്നദ്ധ സംഘടനകൾ നടത്തുന്ന 6 സബ്സിഡൈസ്ഡ് ഹോസ്റ്റലുകൾ കൂടിയുണ്ട്.
- പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിയിൽ ടൂറിസം വകുപ്പിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സംയുക്തസംരംഭമായി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടി മാത്രം ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫുഡ് പ്രൊഡക്ഷൻ, ഫുഡ് & ബിവറേജസ് സർവ്വീസ് എന്നീ 2 കോഴ്സുകൾ നടത്തിവരുന്നു.

- തിരുവനന്തപുരം പ്രസ്സ് ക്ലബിന്റെ അക്കാദമിക് സഹായത്തോടെ സിവിൽ സർവ്വീസ് പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പുതുതായി പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ-ഇൻ-ജേർണലിസം ഈ വർഷം ആരംഭിക്കും.
- അടുത്ത വർഷം 2 പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ കൂടി പ്രവർത്തനം ആരംഭിക്കും. (കോഴിക്കോട് ജില്ലയിലെ മരുതോങ്കര, കണ്ണൂർ ജില്ലയിലെ പെരിങ്ങോം)
- എട്ട് മുതൽ പ്ലസ്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ താമസിക്കുന്ന സ്ഥല സൗകര്യം കുറഞ്ഞ വീടുകളോടനുബന്ധിച്ച് പഠനമുറി നിർമ്മിക്കുന്ന പദ്ധതി സർക്കാർ പുതുതായി ആരംഭിച്ചുകഴിഞ്ഞു. ഇന്ത്യയിലെ തന്നെ ഏറ്റവും ശ്രദ്ധേയമായ സംരംഭമാണിത്. കേന്ദ്ര ഗവൺമെന്റും ഈ സംരംഭം ഇപ്പോൾ ഈ രൂപത്തിൽ ഏറ്റെടുക്കുകയാണ്. ഇതുവരെ 13062 കുടുംബങ്ങൾക്ക് പഠനമുറി അനുവദിച്ചു. 7700 പഠനമുറികൾ പൂർത്തീകരിച്ചു.
- നീറ്റ് മെറിറ്റിൽ നിന്ന് എൻട്രൻസ് കമ്മീഷണർ പ്രവേശനം നൽകുന്ന

സംസ്ഥാനത്തെ മുഴുവൻ കോളേജിലെയും വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തി.

- സയൻസ് വിഷയങ്ങളിൽ പ്ലസ്ടു ഉയർന്ന മാർക്കോടെ പാസ്സാകുന്ന 1000 വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് പുതിയ പദ്ധതി ആവിഷ്കരിച്ചു.
- വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ 25 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഒന്ന് മുതൽ 8 വരെയുള്ള ക്ലാസുകളിൽ 2000 രൂപ വീതം പ്രതിവർഷ ഗ്രാന്റ് നൽകുകയും വിദേശ പഠനത്തിന് 25 ലക്ഷം രൂപ വരെ അനുവദിക്കാൻ മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്തു.
- സ്വകാര്യ പ്രൊഫഷണൽ കോളേജുകളിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ചെലവിനുള്ള നിലവിലുള്ള ഗ്രാന്റായ 3500 രൂപയിൽ നിന്ന് 4500 രൂപയായും ഉയർത്തി.

തൊഴിൽ പരിശീലനം ഫലപ്രദമാക്കുവാനും തൊഴിൽ പരിശീലനത്തിനുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തുവാനും ഗവൺമെന്റ് നിരവധി പ്രവർത്തനങ്ങൾ നടത്തി വരികയാണ്.

- 44 ഐ.റ്റി.ഐ.-കൾ നവീകരിച്ചു. 7 ഐ.റ്റി.ഐ.-കൾ മോഡൽ റസിഡൻഷ്യൽ ഐ.റ്റി.ഐ.-കളാക്കി മാറ്റി. എല്ലാ ഐ.റ്റി.ഐ.-കളിലും പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും ഇപ്പോൾ ഏർപ്പെടുത്തി.
- നാല് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.
- മണ്ണന്തല സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കേരള സിവിൽ സർവ്വീസ് അക്കാദമിയുടെ 4 സെന്ററുകളിൽ 300 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് ഇപ്പോൾ സിവിൽ സർവ്വീസ് പരിശീലനം നൽകുന്നത്. ഇതിനുപുറമേ 30 പേർക്ക് അവർക്ക് ഇഷ്ടമുള്ള സ്വകാര്യപരിശീലന കേന്ദ്രങ്ങളിലും ഇപ്പോൾ പരിശീലനം നൽകുന്നു.
- മണ്ണന്തലയിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിന് പരിശീലനം നൽകുന്നതിനായി സ്റ്റാർട്ട് അപ്പ് ഡ്രീംസ് എന്ന പ്രോജക്റ്റ് പ്രവർത്തിച്ചു വരുന്നു.
- സെന്റർ ഓഫ് റിസർച്ച് & എഡ്യുക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (ക്രസ്റ്റ്) മുഖേന ഇന്ത്യയിലെ മികച്ച

സർവ്വകലാശാലകളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് പ്രത്യേക പരിശീലന പരിപാടി ആരംഭിച്ചുകഴിഞ്ഞു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഇന്ദിരാഗാന്ധി നാഷണൽ ട്രൈബൽ യൂണിവേഴ്സിറ്റി (എം.പി), ഡെൽഹി യൂണിവേഴ്സിറ്റി, ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, അസിംപ്രേജി യൂണിവേഴ്സിറ്റി, കേന്ദ്ര സർവ്വകലാശാലകൾ എന്നിവയിൽ പ്രവേശനം നേടുവാൻ സൗകര്യം ഒരുക്കി.

- കമ്പ്യൂട്ടർ പരിശീലനത്തിന് കെൽട്രോൺ, ഇൻകാടെക് സൈബർശ്രീ എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.

ഇതിനുപുറമെ, സ്വകാര്യ മേഖലകളിലെ തൊഴിൽ നേടുന്നതിന് പട്ടികജാതി യുവജനങ്ങളെ പ്രാപ്തരാക്കുന്നതിന് വിപുലമായ നൈപുണ്യ വികസന പരിശീലനവും ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓയിൽ & റിഗ്, ഹോസ്പിറ്റാലിറ്റി എന്നീ മേഖലകളിൽ 248 പേർക്ക് വിദേശ കമ്പനികളിൽ തൊഴിൽ ലഭ്യമാക്കുവാൻ സാധിച്ചു. ഇപ്പോൾ നല്ല ജീവിത നിലവാരത്തിലാണ് ആ കുട്ടികൾ ഉള്ളത്. 42 പേർക്ക് കൂടി വിസ

നൽകുന്നതിന്റെ ഔപചാരിക ഉദ്ഘാടനം ഈ മാസം 22-ാം തീയതി അങ്കമാലിയിൽ വച്ച് നടക്കാൻ പോവുകയാണ്.

പരിശീലനം പൂർത്തിയാക്കിയ 187 നഴ്സുമാർക്ക് 15,000 രൂപ പ്രതിമാസ ഓണറേറിയത്തിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അധികം പരിശീലനം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും ആരംഭിച്ചുകഴിഞ്ഞു.

തൊഴിൽ അന്വേഷകർക്കായി ഒരു ഹാൻഡ് ഹോൾഡിംഗ് സെൽ പട്ടികജാതി വികസന ഡയറക്ടറേറ്റിൽ പുതുതായി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ വൊക്കേഷണൽ, പ്രൊഫഷണൽ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് തൊഴിൽ സംരംഭങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾ നൽകി വിവിധ മേഖലകളിൽ സ്വയംതൊഴിൽ നേടുന്നതിനും അധിക പരിശീലനത്തിനും താൽപര്യമുള്ളവർക്ക് മൊബൈൽ ആപ് മുഖേന രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

സ്വയം തൊഴിൽ പദ്ധതി പ്രകാരം പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന കോർപ്പറേഷനും പ്രതിവർഷം ഒമ്പതിനായിരത്തോളം പേർക്ക് വായ്പയും സബ്സിഡിയും ലഭ്യമാക്കുന്നു.

(സി) ഉണ്ട്.

മാരകമായ രോഗങ്ങൾ പിടിപെട്ട് ചികിത്സയിൽ കഴിയുന്നവർക്ക് 50,000/- രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, ക്യാൻസർ, പക്ഷാഘാതം, ഹീമോഫീലിയ എന്നീ രോഗങ്ങൾ ബാധിച്ച് ആശുപത്രിയിൽ കിടക്കുന്നവർക്ക് ഒരു ലക്ഷം രൂപ വരെ ആശുപത്രിയിലേയ്ക്ക് ഈ വകുപ്പ് അനുവദിക്കും. ഇതിനുപുറമെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പിൽനിന്നും സഹായം നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30.10.2019 വരെ 71,791 പേർക്ക് 127,67,73,376/- രൂപ ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട്. കോളനികൾ കേന്ദ്രീകരിച്ച് 1339 മെഡിക്കൽ ക്യാമ്പുകളും വകുപ്പ് സംഘടിപ്പിച്ചു. കൂടാതെ പട്ടികജാതിക്കാർ കൂട്ടതലായി അധിവസിക്കുന്നതും 2.5 കി.മീ. ചുറ്റളവിൽ മറ്റ് ആരോഗ്യ കേന്ദ്രങ്ങളൊന്നും നിലവിലില്ലാത്തതുമായ പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് സംസ്ഥാന ഹോമിയോ വകുപ്പിന്റെ കീഴിൽ 29 ഹോമിയോ ഡിസ്പെൻസറികളും പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിച്ചു വരുന്നു.

ശ്രീ. ബി. സത്യൻ: സർ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ സമസ്ത മേഖലകളെയും ഏകോപിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നടത്തുന്ന വികസന പ്രവർത്തനങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നതോടൊപ്പം അഭിനന്ദിക്കുകയും ചെയ്യുന്നു. 2016-17 കാലയളവിലാണ് കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ആവശ്യമായ പദ്ധതികൾക്ക് തുടക്കമിട്ടത്. അടിസ്ഥാന സൗകര്യങ്ങളെന്ന് പറയുമ്പോഴും, ഇപ്പോഴും ശുദ്ധജലം ലഭ്യമാകുന്നതിന് ബുദ്ധിമുട്ടുള്ളതും ശോചനീയാവസ്ഥയിലുള്ള വീടുകളുള്ളതും യാത്രചെയ്യാൻ ബുദ്ധിമുട്ടുള്ളതും അതുപോലത്തന്നെ വൈദ്യസഹായമെത്തിക്കാനും വിദ്യാഭ്യാസ-തൊഴിൽപരമായ വിഷയങ്ങളിലെല്ലാം പ്രതിസന്ധികൾ അഭിമുഖീകരിക്കുന്ന കോളനികളുണ്ട്. അവയെ സെലക്ട് ചെയ്തുകൊണ്ട് 2016-17 കാലയളവിൽ 'അംബേദ്കർ ഗ്രാമം' എന്ന പേരിൽ ഒരു കോളനി വികസന പദ്ധതിക്ക് രൂപം കൊടുക്കുകയുണ്ടായി. എന്നാൽ ഈ പദ്ധതി ഇപ്പോൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ പറ്റാത്ത പ്രശ്നങ്ങൾ നേരിടുകയാണ്. അതിന് പ്രധാനപ്പെട്ട കാരണം, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളെയാണ് ഇതിന്റെ നിർമ്മാണ ചുമതലകൾ ഏൽപ്പിച്ചിരിക്കുന്നത്.

എഫ്.ഐ.റ്റി. പോലുള്ള സ്ഥാപനങ്ങൾ നിരവധി കോളനികളിലെ നിർമ്മാണ ചുമതലകൾ ഏറ്റെടുത്തപ്പോൾ പലയിടത്തും സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അത് സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നല്ല പരിശ്രമം ഉണ്ടാകേണ്ടതായിട്ടുണ്ട്. അതുപോലെ തുകയിൽ എന്തെങ്കിലും വ്യത്യാസം വരുത്തിയിട്ടുണ്ടോയെന്നുള്ളതും അറിയില്ല. ഇപ്പോൾ ജി.എസ്.ടി. വന്നതോടുകൂടി നല്ലൊരു ശതമാനം തുക ഈ ഇനത്തിൽ പോകുമ്പോൾ..., ഒരു കോടി രൂപ എന്ന നിലയിൽ ചെലവഴിക്കപ്പെടുന്ന എന്നുപറയുമ്പോൾ എം.എൽ.എ .-മാർക്ക് വിശേഷിച്ചും ഒരു കോടി രൂപയുടെ വികസന പദ്ധതി ഒരു കോളനിയിൽ നടപ്പിലാക്കണമെന്നുപറയുമ്പോൾ ആ തുക പൂർണ്ണമായും ചെലവഴിച്ച് ചെയ്യാൻ കഴിയാത്ത ഒരവസ്ഥകൂടിയുണ്ട്. ഇതുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ: അങ്ങ് എന്താണ് ശ്രദ്ധയിൽപ്പെടുത്തിയത്; എന്താണ് ചോദിച്ചത്; ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തെങ്കിലും മനസ്സിലായോ?

ശ്രീ. എ. കെ. ബാലൻ: സർ, എനിക്ക് കുറച്ച് മനസ്സിലായിട്ടുണ്ട്. ഇപ്പോൾ 430 കോളനികളിൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിൽ ചിലയിടങ്ങളിൽ പണികൾ പൂർത്തീകരിക്കാൻ സാധിച്ചു. ചിലയിടങ്ങളിൽ

പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്ന ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം ശരിയാണ്. അതിനുകാരണം പലതവണ എസ്റ്റിമേറ്റുകളിൽ ഭേദഗതി വരുത്തുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്ക് കൊടുത്തുകഴിഞ്ഞാൽ തന്നെ കുറച്ചുദിവസം കഴിയുമ്പോൾ പറയും അവിടെയല്ല വേണ്ടത്, കോളനി മാറ്റണം, എസ്റ്റിമേറ്റ് മാറ്റണം, ചിലത് ലൊക്കേഷൻ മാറ്റണമെന്നൊക്കെ പറയും. ചിലത് ഭൂമിതന്നെ ഉണ്ടാകില്ല. ഇപ്പോളൊരു പൊതുകിണർ കുഴിക്കണമെന്ന് വിചാരിച്ചാൽപോലും അത് കുഴിക്കാൻ സ്ഥലമില്ലാത്ത സാഹചര്യംവരെ നിലവിലുണ്ട്. അതുപോലത്തന്നെ സ്ഥലം വിട്ടുകിട്ടാത്ത പ്രശ്നം...., പട്ടികജാതി വികസന വകുപ്പ് തയ്യാറാക്കിയ ലിസ്റ്റിൽപ്പെടാത്ത കോളനികൾ ശിപാർശ ചെയ്യുന്നുണ്ട്. ഇതിന്റെയൊക്കെ ഭാഗമായി പദ്ധതി പൂർത്തീകരണത്തിന് കാലതാമസം ഉണ്ടാകുന്നുണ്ട്. അതോടൊപ്പം തന്നെ കോളനി വികസന പരിപാടികളുമായി ബന്ധപ്പെട്ട് പഴയ ഗവൺമെന്റ് ചുമതലപ്പെടുത്തിയ ഏജൻസികളെ തന്നെയാണ് ഇപ്പോഴും വച്ചിട്ടുള്ളത്. പക്ഷേ ഈ ഏജൻസികളെല്ലാം തന്നെ ഗവൺമെന്റിന്റെ പേരുപറഞ്ഞ്..., പല ഏജൻസികളും ഗവൺമെന്റിന് തന്നെ അപമാനമാണ്. ഒരു ഏജൻസികളുടെ പേരും ഞാൻ ഇപ്പോൾ പറയാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഈ

ഏജൻസികളെ പണി ഏൽപ്പിച്ചുപോയി, നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി തന്നെ ഡയറക്ടറേറ്റ് തലത്തിലും മന്ത്രി തലത്തിലും റിവ്യൂ മീറ്റിംഗുകൾ വിളിച്ച് അവരെ കൊണ്ടുതന്നെ നിർമ്മാണം നടത്തിച്ചുകൊണ്ടിരിക്കുകയാണ്. വളരെ ഫലപ്രദമായിട്ടുള്ളൊരു സ്ഥാപനമായിരുന്നു കേരളാ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം. പക്ഷേ, അവർക്ക് കൂടുതൽ ജോലികൾ വന്നതിന്റെ ഭാഗമായി അവരും ഇപ്പോൾ പിന്നോക്കാവസ്ഥയിലാണ്. ജില്ലാ നിർമ്മിതി കേന്ദ്രം, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, KITCO Ltd. (Kerala State Industrial Technical Consultancy Organization), കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ, കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, കേരള സംസ്ഥാന ഹൗസിംഗ് ബോർഡ്, കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് ഇവയെല്ലാം ഗവൺമെന്റ് അക്രഡിറ്റഡ് സ്ഥാപനങ്ങളാണ്. അവരുടെ ഭാഗത്തുനിന്നും ആവശ്യത്തിന് ശ്രദ്ധയോ ഫോളോ അപ്പോ ഉണ്ടാകാറില്ല. അതിന്റെ ഭാഗമായിട്ടാണ് നിർമ്മാണ പ്രവർത്തനങ്ങളിൽ കൂടുതൽ കാലതാമസം വന്നത്. അത് പരിഹരിക്കുന്നതിനുള്ള ശക്തമായ

നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഞാൻ ഇപ്പോൾ ഓരോ ആഴ്ചയിലും പ്രവർത്തനങ്ങൾ റിവ്യൂ ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു കോടി രൂപയാണ് കോളനികൾക്ക് അനുവദിച്ചിട്ടുള്ളത്. അൻപത് വീടുകളിൽ കൂടുതലുണ്ടാകണമെന്നതാണ് നിബന്ധന. അതിന് താഴെ എണ്ണം വീടുകളുള്ള കോളനികളിലാണെങ്കിൽ അൻപത് ലക്ഷം രൂപയാണ് ഇപ്പോൾ നൽകുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറിന് രണ്ടാമത്തെ ചോദ്യമുണ്ടോ?

ശ്രീ. ബി. സത്യൻ: സർ, തൊഴിൽ, വിദ്യാഭ്യാസ രംഗങ്ങളിൽ വലിയ മുന്നേറ്റങ്ങളുണ്ടാക്കാൻ ഈ കാലയളവിൽ സാധിച്ചു. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ നഴ്സിംഗ്, ഐ.ടി അധിഷ്ഠിതവും സാങ്കേതികവുമായിട്ടുള്ള രംഗത്തേയ്ക്ക് കടന്നുവരുന്ന വിദ്യാർത്ഥികൾക്കും തൊഴിൽ അന്വേഷകരായിട്ടുള്ളവർക്കുംവേണ്ടി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയാണ്. അതിനുവേണ്ടി പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആരംഭിക്കുന്ന ഹാൻഡ് ഹോൾഡിംഗ് സെല്ലിന് വളരെ അർത്ഥവത്തായ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നതാണ്. അത് വികസിപ്പിച്ചെടുക്കാനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള പദ്ധതിക്ക് രൂപം നൽകുമോ?

ശ്രീ. എ. കെ. ബാലൻ: സർ, സസ്റ്റെയിനബിൾ ഡെവലപ്മെന്റിന്റെ ഭാഗമായി ഗവൺമെന്റ് ശ്രദ്ധിക്കുന്ന പ്രധാനപ്പെട്ടൊരു ഭാഗം ഏറ്റവും നല്ല വിദ്യാഭ്യാസവും നൈപുണ്യ വിദ്യാഭ്യാസവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക എന്നുള്ളതാണ്. അതിൽ ഇന്ത്യാ രാജ്യത്തിനകത്തും പുറത്തുമായി ഏതെല്ലാം ഭാഗങ്ങളിലാണ് തൊഴിലവസരങ്ങൾ ഉള്ളതെന്ന് കണ്ടെത്തി അതിനാവശ്യമായ ട്രെയിനിംഗ് ഇവിടെ നൽകുന്നു. അതിന്റെ ഭാഗമായി ഇപ്പോൾ ഏകദേശം 25 ഏജൻസികളുടെ നേതൃത്വത്തിൽ തൊഴിലന്വേഷകർക്കായി നൈപുണ്യ വിദ്യാഭ്യാസം നൽകുന്നുണ്ട്. ഇതുമൂലം ഒരാൾ ജോലിയിൽ പ്രവേശിച്ചാൽ അപ്രന്റിസായി ജോലി നോക്കാതെ നേരിട്ട് ജോലിയിൽ പ്രവേശിക്കാൻ സാധിക്കും. അതിന്റെ ഭാഗമായി നേരത്തെ സൂചിപ്പിച്ചതുപോലെ, വിദേശ രാജ്യങ്ങളിൽ ഇവിടെ നിന്നുള്ള കുട്ടികൾക്ക് നല്ല ഡിമാന്റാണ്. ട്രെയിനിംഗ് ലഭിച്ച നമ്മുടെ 1000 ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ടെന്ന് പോളണ്ടിൽ നിന്ന് അറിയിച്ചിട്ടുണ്ട്. അതിനാവശ്യമായ ട്രെയിനിംഗ് ഇവിടെനിന്നും നൽകുന്നുണ്ട്. അതോടൊപ്പംതന്നെ 30 ഓളം ഏജൻസികളുമായി ചേർന്ന് പട്ടികജാതി/ പട്ടികവർഗ്ഗ വികസനവകുപ്പ് സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗ് നടത്തുന്നതിന് എല്ലാ സ്ഥലത്തും ഏറ്റവും സജീവ

ഇടപെടലുകൾ നടത്തുന്നുണ്ട്. ഹാൻഡ് ഹോൾഡിംഗ് സെല്ലിന്റെ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു ബിരുദധാരിയാണ്. ഇവർ നല്ല രീതിയിലുള്ള സേവന പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഈ കോ-ഓർഡിനേറ്ററുടെ സഹായത്തോടെ വിദഗ്ദ്ധ തൊഴിലാളികളെ കണ്ടുപിടിക്കുന്നതിനും അവർക്ക് ട്രെയിനിംഗ് നൽകുന്നതിനുമുള്ള നടപടികൾ ആരംഭിച്ചു. ഈ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനാണ് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഹാൻഡ് ഹോൾഡിംഗ് സെൽ ആരംഭിച്ചിട്ടുള്ളത്. സ്വാഭാവികമായും ഇന്ത്യാ രാജ്യത്തിൽ ഏറ്റവുമധികം തൊഴിൽ അഭ്യസ്ഥവിദ്യരായ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നതിനായി കയറ്റിവിടുന്ന ഒരു സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു. മുൻകാലങ്ങളിൽ പ്രവാസികളായി ഈ വിഭാഗത്തിൽനിന്ന് ആരും ഉണ്ടായിരുന്നില്ല. അഥവാ പോയാൽതന്നെ അതുപോലെ തിരിച്ചുവരുമായിരുന്നു. ഇപ്പോൾ അങ്ങനെയല്ല. വിദേശത്തേയ്ക്ക് പോയിട്ടുള്ള ആൾക്കാരെ ഞാൻ നേരിൽകണ്ടു. ഇപ്പോൾ അവരെല്ലാം തന്നെ നല്ല സുരക്ഷിതബോധത്തോടെയും സന്തോഷത്തോടെയുമാണ് ജീവിക്കുന്നത്.

ശ്രീ. കെ. ആൻസലനുവേണ്ടി (ശ്രീ. കെ. ഡി. പ്രസേനൻ): സർ, പട്ടികജാതി കോളനികളിൽ ശുദ്ധജല വിതരണത്തിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ മറ്റ് ശുദ്ധജല പദ്ധതികളെപ്പോലെത്തന്നെ ഗുണഭോക്തൃ കമ്മിറ്റികളെയാണ് ഇതിന്റെയും ചുമതലകൾ ഏൽപ്പിക്കുന്നത്, പക്ഷേ ചില പട്ടികജാതി കോളനികളിൽ വളരെ ദുർബലാവസ്ഥയിൽ ജീവിക്കുന്ന മനുഷ്യരുണ്ട്. അവർക്ക് ഇതിന്റെ മെയിന്റെനൻസും ഇലക്ട്രിസിറ്റി ചാർജ്ജും വഹിക്കാൻ സാധിക്കാത്തതുകൊണ്ട് പലപ്പോഴും അത് നിന്നുപോകുകയാണ് ചെയ്യുന്നത്. അതുകൊണ്ട് അവരുടെ ഇലക്ട്രിസിറ്റി ചാർജ്ജോ മെയിന്റനൻസ് ചാർജ്ജോ ഗവൺമെന്റ് നൽകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ സാധിക്കുമോ; അതുപോലത്തന്നെ എസ്.സി. പോപ്പുലേഷൻ വളരെ കൂടുതലുള്ള കോളനികൾ സ്ഥിതിചെയ്യുന്ന മണ്ഡലങ്ങളെ സമഗ്രവികസനത്തിനായി തെരഞ്ഞെടുക്കേണ്ടതുണ്ട്. എല്ലാ മണ്ഡലങ്ങളിലും ഒരുപോലെ എന്ന് തീരുമാനിക്കുന്ന തരത്തിലുള്ള ഒരു അനീതിയാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. പോപ്പുലേഷന്റെ അടിസ്ഥാനത്തിൽ കൂടുതൽ എസ്.സി. കോളനികളെ സമഗ്ര വികസനത്തിന് തെരഞ്ഞെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. കെ. ബാലൻ: സർ, അക്കാര്യം പരിശോധിക്കാം. പക്ഷേ,

ഇലക്ട്രിസിറ്റി ചാർജ്ജും മെയിന്റെനൻസും ഗുണഭോക്താക്കൾ തന്നെ നൽകണം. കാരണം ഇലക്ട്രിസിറ്റിയും ശുദ്ധജലവും എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിലെ ഗുണഭോക്താക്കളെ ഉപയോഗപ്പെടുത്തി ബെനിഫിഷറി കമ്മിറ്റികൾ രൂപീകരിച്ച് കൺവീനറെ നിയമിച്ച് ഈ പദ്ധതി യാഥാർത്ഥ്യമായാൽ....., എല്ലാം സർക്കാർ തന്നെ നൽകുമെന്നുള്ള ഒരു സന്ദേശം നമ്മൾ നൽകരുത്. പ്രത്യേകിച്ച് ബഹുമാനപ്പെട്ട ജനപ്രതിനിധികൾ നൽകരുത്. എല്ലാ സൗകര്യവും ഗവൺമെന്റ് ചെയ്തുകൊടുത്തുകഴിഞ്ഞാൽ..., ഒരു മാസം ഉപയോഗിക്കുന്ന ഇലക്ട്രിസിറ്റിക്കും ജലത്തിനും തുക നൽകണമെന്നുള്ള തോന്നലുകൾ ഗുണഭോക്താക്കൾക്ക് ഉണ്ടാകണ്ടേ? അതിനുപകരം ഇത് ഗവൺമെന്റ് കൊടുത്തുകൊള്ളും എന്നുള്ളൊരു സന്ദേശം നമ്മൾ കൊടുക്കുകയും ചെയ്യരുത്. അങ്ങനെ വന്നാൽ വലിയൊരു ബാദ്ധ്യത നമുക്കുണ്ടായി ഈ പദ്ധതി പൊളിയുകയും ചെയ്യും. അതുകൊണ്ട് അത് ഗുണഭോക്താക്കളോ ബെനിഫിഷറി കമ്മിറ്റികളോ തന്നെ നൽകണം. പിന്നെ ഏതെങ്കിലും വളരെ ദുർബലമായിട്ടുള്ള ആദിവാസി മേഖലകൾ, പ്രത്യേകിച്ചും പ്രാക്തന വിഭാഗത്തിൽപ്പെട്ട ആദിവാസികൾ വസിക്കുന്ന റിമോട്ടായിട്ടുള്ള പ്രദേശങ്ങളിലെ ഈ പറഞ്ഞ രീതിയിലുള്ള ചാർജ്ജുകൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് കൊടുക്കാം.

വേണമെങ്കിൽ അത് എസ്.സി.പി. (Special Component Plan), റ്റി.എസ്.പി. (Tribal Sub Plan) ഫണ്ട് മുഖേന നമുക്ക് നൽകാൻ സാധിക്കും. അങ്ങനെയുള്ളവരുണ്ടെങ്കിൽ സ്പെഷ്യൽ ഓർഡർ ആയി നൽകാം.

ശ്രീ. മുരളി പെരുനെല്ലിക്കുവേണ്ടി (ശ്രീ. യു. ആർ. പ്രദീപ്): സർ, പട്ടികജാതി കുടുംബങ്ങളെ സഹായിക്കാൻവേണ്ടി പട്ടികജാതി വികസനവകുപ്പ് നിരവധി പദ്ധതികൾ സത്യസന്ധവും സുതാര്യവുമായ രീതിയിൽ നടത്തിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ കോൺട്രാക്ടർമാർ സ്വാധീനിച്ചുകൊണ്ടുവരുന്ന പദ്ധതികളാണ് നടപ്പിലാക്കിവന്നിരുന്നത്. എന്നാൽ ഇന്ന് അതിനെയെല്ലാം മാറ്റി നിർത്തി വളരെ സുതാര്യമായ രീതിയിലാണ് വകുപ്പ് ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ടിരിക്കുന്നത്. പട്ടികജാതി കുടുംബങ്ങളെ പ്രത്യേകിച്ച്, ആ കുടുംബങ്ങളിലെ ചെറുപ്പക്കാരെ സഹായിക്കുന്നതിനായി വിവിധ സ്ഥാപനങ്ങൾ വഴി സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗ് നൽകിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ ഏതെല്ലാം മേഖലകളിൽ, ഏതെല്ലാം സ്ഥാപനങ്ങളിൽ ഇതിനാവശ്യമായ ട്രെയിനിംഗ് നടത്തിക്കൊണ്ടിരിക്കുന്നുവെന്ന് പറയാൻ കഴിയുമോ?

ശ്രീ. എ. കെ. ബാലൻ: സർ, 25-ഓളം വരുന്ന സ്വകാര്യ സ്ഥാപനങ്ങളെ

ഉപയോഗപ്പെടുത്തിക്കൊണ്ട് അവിടെ പഠിക്കുന്ന കുട്ടികൾക്ക് ഒരു പ്രത്യേ തുക കൊടുക്കുകയാണ്. ട്രെയിനിംഗ് ആന്റ് പ്ലേസ്മെന്റ് അടക്കമാണ് ഗവൺമെന്റ് ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത്. അതിൽത്തന്നെ വിദേശത്ത് ഏറ്റവും തൊഴിൽ സാധ്യതയുള്ള ജോലി ഏതാണോ അതിനുസരിച്ചുള്ള ട്രെയിനിംഗാണ് കൊടുക്കുന്നത്. ഇപ്പോൾ റിഗ്ഗിംഗ്, ഹൗസിംഗ്, ഫുഡ് എന്നീ മേഖലകളിൽ ആളുകളെ വളരെയധികം ആവശ്യമുണ്ട്. പോളണ്ടിൽ ഇറച്ചിവെട്ടാൻ ആളില്ലാത്തതിനാൽ ഉദ്യോഗാർത്ഥികളെ വേണമെന്നാണ് അവർ ആവശ്യപ്പെട്ടിരിക്കുന്നത്. അതുപോലെത്തന്നെ തയ്യലിന്..., ഞാൻ ഇതിനിടെ യു.എ.ഇ.-യിൽ പോയപ്പോൾ സ്റ്റിച്ചിംഗുമായി ബന്ധപ്പെട്ട ആളുകളെയാണ് അവർക്ക് ഏറ്റവും കൂടുതലായി ആവശ്യമുള്ളതെന്നാണ് മനസ്സിലാക്കിയത്. ഒരു ബിൽഡിംഗ് നിർമ്മിക്കുന്ന സമയത്ത് എത്ര മെറ്റീരിയൽ വേണം അല്ലെങ്കിൽ എത്ര ക്വാണ്ടിറ്റി വേണം എന്നതുമായി ബന്ധപ്പെട്ട് പരിശീലനം കൊടുക്കുന്ന കോഴ്സ് നമ്മുടെ കേരളത്തിലില്ല. അത്തരം കോഴ്സുകൾ മലേഷ്യയിൽ മാത്രമേയുള്ളൂ. അവരുമായി ബന്ധപ്പെട്ട് അത്തരത്തിലുള്ള ട്രെയിനിംഗ് കൂടി നൽകാൻ...., ബിൽഡിംഗ് നിർമ്മിക്കുമ്പോൾ ഇപ്പോൾ ഇത് എസൻഷ്യൽ ആണ്. ആ രൂപത്തിലുള്ള കോഴ്സുകൾ നോക്കി ഇവിടെ....

മി. സ്പീക്കർ: അടുത്ത ചോദ്യം കൂടി എടുക്കേണ്ടതുണ്ട്.

ശ്രീ. എ. കെ. ബാലൻ: ഇപ്പോൾ എടുക്കാമല്ലോ. അതിനൊരു ബുദ്ധിമുട്ടുമില്ല.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം കേൾക്കുമ്പോൾ രാജ്യത്ത് സാമ്പത്തിക പ്രതിസന്ധിയുള്ള ഈ സമയത്തും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി ഇത്രയും കാര്യങ്ങൾ ചെയ്യുന്നുണ്ട് എന്നതിൽ സന്തോഷമുണ്ട്. കലാ കേരളത്തിന്റെ സംസ്കാരവും ചരിത്രവും നവോത്ഥാനവും ജനങ്ങളെ പഠിപ്പിക്കുന്ന, പീഡിത സമൂഹത്തിനും പട്ടികജാതി/പട്ടികവർഗ്ഗ സമൂഹങ്ങൾക്കുമിടയിൽ വലിയ ഉണർവുണ്ടാക്കിയതിന് തെളിവാണ് ഗോത്രവർഗ്ഗത്തിന്റെ പ്രദർശനം ഇവിടെ (നിയമസഭാ സമുച്ചയത്തിൽ) നടക്കുന്നത് എന്നത്. അവർ ബ്രാൻഡഡ് മെറ്റീരിയലുകളാണ് വിൽപ്പനയ്ക്കായി വച്ചിരിക്കുന്നത്. അത് അത്ഭുതമല്ലേ? എന്റെ മണ്ഡലത്തിൽ ബഹുമാനപ്പെട്ട മന്ത്രി തറക്കല്ലിട്ട എൻ. എൻ. കക്കാട് സ്മാരകത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഒരു കോടി അൻപത് ലക്ഷം രൂപയാണ് അതിനായി വകയിരുത്തിയിട്ടുള്ളത്. അതിൽ 75 ലക്ഷം രൂപ അനുവദിച്ചു. ബാക്കി 75 ലക്ഷം രൂപ എന്ന് അനുവദിച്ചുതരും;

ഉന്നത വിദ്യാഭ്യാസ രംഗത്ത് എസ്.എസി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രവേശനം ലഭിക്കുന്നതിനായി ക്രസ്റ്റ് നടത്തുന്ന പ്രവർത്തനങ്ങൾകൂടി വിശദമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, മലബാറിലൊരു പ്രയോഗമുണ്ട്, കെടാട്ടപ്പിൽ വച്ച് പതപ്പിക്കുകയെന്നത്. യഥാർത്ഥത്തിൽ എൻ. എൻ. കക്കാട് സ്മാരകവുമായി ബന്ധപ്പെട്ട ചോദ്യം ചോദിക്കേണ്ടത് സാംസ്കാരികവകുപ്പുമായി ബന്ധപ്പെട്ട എന്റെ ആദ്യത്തെ ചോദ്യത്തിനാണ്. അത് ബഹുമാനപ്പെട്ട മെമ്പർ എങ്ങനെയോ മറന്നുപോയതായിരിക്കും. എന്തായാലും 75 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. ഇതിനുവേണ്ടി ഒന്നരക്കോടിരൂപയോളം വേണ്ടിവരും. മറ്റുകാര്യങ്ങൾ പരിശോധിക്കാം. ബ്രാൻഡഡ് ഐറ്റമ്സുകളുടെ വിതരണത്തിനായി ശക്തമായ നടപടികൾ ഗവൺമെന്റ് എടുത്തിട്ടുണ്ട്. 10 ദിവസം നീണ്ടുനിൽക്കുന്ന 'ഗദ്ദിക' ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു. ആയിരക്കണക്കിന് ജനങ്ങൾ വരുന്നതിലൂടെ ലക്ഷക്കണക്കിന് രൂപയുടെ ഉൽപ്പന്നങ്ങൾ വിൽക്കാൻ സാധിക്കുമെന്ന് കരുതുന്നു. കൃഷിവകുപ്പും എന്റെ വകുപ്പും ചേർന്നുകൊണ്ട് കൂടുതൽ ബ്രാൻഡഡ് സാധനങ്ങളുണ്ടാക്കുന്നതിന് നടപടികളെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി നമുക്ക്

ആദിവാസി മേഖലയിൽ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട സ്പീക്കർ നേതൃത്വം കൊടുത്തതുകൊണ്ടാണ് ഇടുക്കിയിലേയും അട്ടപ്പാടിയിലേയും ആദിവാസിമേഖലകളിലെ ഉൽപ്പന്നങ്ങൾ ഇവിടെ പ്രദർശിപ്പിക്കാൻ സാധിച്ചത്. അതിന് നല്ല ഡിമാന്റുള്ളതാണ്. അതിന് നല്ല പ്രോൽത്സാഹനവും കൊടുക്കും. ക്രസ്റ്റിന്റെ ഭാഗമായിട്ടുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഗ്രാഡ്യുവേഷൻ കഴിഞ്ഞ കുട്ടികൾക്ക് ഏറ്റവും നല്ല ട്രെയിനിംഗ് കൊടുക്കുന്ന ഒരു കോഴ്സാണിത്. അത് വളരെ നല്ലരീതിയിൽ നടക്കുന്നുണ്ട്.

## കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി

3(*513) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതി

നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാൻ സാധ്യമായിട്ടുള്ള പ്രദേശങ്ങൾ പരിശോധനയിലൂടെ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മൈക്രോ ഇറിഗേഷനുമായി ബന്ധപ്പെട്ട ഡ്രിപ്പ് ഫെർട്ടിഗേഷൻ, പ്രിസിഷൻ ഫാമിംഗ് എന്നീ സാങ്കേതിക വിദ്യകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ പ്രവൃത്തികൾ എവിടെയൊക്കെ നടപ്പാക്കുന്നുവെന്ന് അറിയിക്കുമോ;

(ഇ) ജലവിനിയോഗക്ഷമത കൂടിയ ഇത്തരം സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ പ്രവൃത്തികൾ കൂടുതലായി നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) നിലവിലുള്ള ജലസേചന സംവിധാനത്തിന്റെ ജലവിനിയോഗ ക്ഷമത കൂട്ടി ജലസേചനം കാര്യക്ഷമമായി നടത്തുന്നതിനുള്ള നൂതന മാർഗ്ഗമാണ് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ. കൂടാതെ, കർഷകരുടെ കൂട്ടായ്മ രൂപീകരിച്ച് ജലത്തിന്റെ ഉറവിടമുള്ള സ്ഥലങ്ങളിൽ കുറഞ്ഞ ചെലവിൽ കൃഷി

ചെയ്യുന്നതുമൂലം സ്വന്തമായി പമ്പ് വച്ച് വെള്ളം കൊണ്ടുവന്ന് കൃഷി നടത്താൻ സാമ്പത്തികമായി സാധ്യമല്ലാത്ത കൃഷിക്കാർക്ക് കുറഞ്ഞ ചെലവിൽ ജലസേചനം നടത്തി ഉൽപ്പാദനം കൂട്ടാൻ സാധിക്കും. വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു+.

(ബി) വെള്ളത്തിന്റെ ഉറവിടമുള്ള സ്ഥലങ്ങളിൽ പച്ചക്കറികൾ ഉൾപ്പെടെയുള്ള മറ്റ് വിളകൾക്ക് നനയ്ക്കാനുദ്ദേശിച്ചുള്ള ഈ പദ്ധതിയിൽ കർഷകരും ജലസേചന-കൃഷി വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് പ്രസ്തുത സ്ഥലങ്ങൾ തീരുമാനിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഞാനും ബഹുമാനപ്പെട്ട കർഷക ക്ഷേമ വകുപ്പുമന്ത്രിയും സംയുക്തമായി 16-01-2019-ൽ ചേർന്ന യോഗത്തിൽ കൃഷിവകുപ്പും ജലസേചന വകുപ്പും ചേർന്ന് മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ കൂടുതൽ സ്ഥലങ്ങളിൽ മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി കൃഷിവകുപ്പും ജലസേചനവകുപ്പും ചേർന്ന് പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു +.

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) തുള്ളി നനയിൽ ഉപയോഗിക്കുന്ന ജലത്തോടൊപ്പം കൃത്യമായ അളവിൽ ആവശ്യമായ വളംകൂടി ചേർത്ത് നനയ്ക്കുന്ന രീതിയാണ് ഡ്രിപ്പ് ഫെർട്ടിഗേഷൻ. ഇത്തരത്തിൽ നനയ്ക്കുന്നതുമൂലം ഓരോ വിളയ്ക്കും കൃത്യമായ അളവിൽ വേണ്ട വെള്ളം, വളം എന്നിവ കൃത്യമായ ഇടവേളകളിൽ കൃഷിയിടങ്ങളിൽ ലഭിക്കുന്നതിനാൽ ചെലവ് കുറച്ച്, ഉൽപ്പാദനക്ഷമത കൂട്ടാൻ സാധിക്കും.

(ഡി) പാലക്കാട് ജില്ലയിൽ കരടിപ്പാറയിൽ 3.1 കോടി രൂപയ്ക്ക് ഏകദേശം 302 ഏക്കർ ഭൂമിയിൽ മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഭരണാനുമതി നല്കിയിട്ടുണ്ട്. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 5 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ ആയക്കെട്ട് ഏരിയയിൽ മൈക്രോ ഇറിഗേഷൻ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) അനുയോജ്യമായ സ്ഥലങ്ങളിൽ ഈ പദ്ധതി ജലസേചന വകുപ്പും കർഷക ക്ഷേമവകുപ്പും നടപ്പിലാക്കാനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. കൂടാതെ മൈക്രോ ഇറിഗേഷൻ 2020-2021 വാർഷിക പദ്ധതിയിൽ

ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി കാർഷിക മേഖലയ്ക്ക് നേട്ടമുണ്ടാക്കിയെന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കാർഷിക ഉൽപ്പന്നങ്ങൾ പ്രത്യേകിച്ച് നാളികേര ഉൽപ്പാദനത്തിൽ എത്രത്തോളം വർദ്ധനവുണ്ടാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; ഇക്കാര്യത്തിൽ ഗൗരവമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ എന്നുകൂടി വ്യക്തമാക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അനുഭവത്തിന്റെ വെളിച്ചത്തിൽ പറയാം, സാധാരണഗതിയിൽ ഇറിഗേറ്റ് ചെയ്യാത്ത സ്ഥലത്ത് 40 മുതൽ 50 നാളികേരം വരെ ലഭിക്കുകയും ഫ്ലഡ് ഇറിഗേഷൻ പ്രയോഗിച്ചാൽ 70 മുതൽ 80 വരെയും മൈക്രോ ഇറിഗേഷനിൽ പ്രിസിഷൻ ഫാമിംഗ് എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചാൽ ഏകദേശം 150 മുതൽ 200 നാളികേരം വരെയും ലഭിക്കും. ഞങ്ങൾ ചില പ്രദേശങ്ങളിൽ ഇത്തരം കൃഷിരീതി പ്രയോഗിക്കുകയും അതിന്റെ ഗുണങ്ങൾ ലഭിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഈ പദ്ധതിക്ക്

കേന്ദ്രസഹായമുണ്ടോ?

ശ്രീ കെ. കൃഷ്ണൻകുട്ടി: സർ, അതെ. വ്യക്തികൾക്ക് കൃഷിവകുപ്പിൽ നിന്നാണ് സഹായം നൽകുന്നത്. കമ്മ്യൂണിറ്റി ഇറിഗേഷന് ഇപ്പോൾ കേന്ദ്രഗവൺമെന്റ് സഹായം ചെയ്യുന്നുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 'More crop per drop' എന്നൊരു സ്കീം P.M.K.S.Y. (Pradan Manthri Krishi Sinchayee Yojana) നടപ്പാക്കുന്നുണ്ട്. അതിന്റെ സബ്സിഡി നോംസിൽ മാറ്റം വരുത്തിക്കൊണ്ട് ഇത് വ്യാപകമാക്കാനാവശ്യമായിട്ടുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, കേരളത്തിൽ ഏതാണ്ട് 23 ലക്ഷം ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ടെങ്കിലും ഏകദേശം രണ്ട് ലക്ഷം ഹെക്ടർ സ്ഥലത്ത് മാത്രമേ നനയ്ക്കുന്ന പദ്ധതി കൊണ്ടുവന്നിട്ടുള്ളൂ. കൂടുതൽ ഉൽപ്പന്നം ലഭ്യമാക്കാൻ കഴിയത്തക്കനിലയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് കർഷകരുടേയും കൃഷി, ജലസേചനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടേയും മേൽനോട്ടത്തിൽ സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്ത് ഇതിനാവശ്യമായ പദ്ധതി നടപ്പിലാക്കുമെന്ന് അങ്ങ് പറഞ്ഞു. എം.എൽ.എ.-മാരെ വിശ്വാസത്തിലെടുത്ത്

ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിന് അവരെ ചെയർമാനാക്കി ഒരു കമ്മിറ്റിയുണ്ടാക്കി, സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്ത് പദ്ധതികൾ നടപ്പാക്കാനുള്ള സംവിധാനം ആലോചിക്കുമോ; ഏതെല്ലാം ജില്ലകളിൽ ഇത് നടപ്പാക്കിയിട്ടുണ്ട്; കൂടുതൽ ജില്ലകളിൽ ഇത് ആവശ്യമുള്ള പ്രദേശങ്ങൾ ഏതൊക്കെയെന്ന് മനസ്സിലാക്കി പദ്ധതി നടപ്പാക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, തീർച്ചയായും. എം.എൽ.എ.-മാരെ വിശ്വാസത്തിലെടുത്ത് അവരുടെ നേതൃത്വത്തിൽ രണ്ടുമൂന്നു വകുപ്പുകൾ ഒത്തൊരുമിച്ചുകൊണ്ടുള്ള പദ്ധതികളായിരിക്കും ആവിഷ്കരിക്കുന്നത്. പക്ഷേ സോഴ്സും വിളകളും കണ്ടുപിടിക്കേണ്ട ബാധ്യത കൃഷിവകുപ്പിനും ഇറിഗേഷൻ വകുപ്പിനുമാണ്. വിശദമായി ഞാൻ പറയുന്നില്ല.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, എം.എൽ.എ.-മാരുടെ മേൽനോട്ടത്തിൽ അത്തരമൊരു കമ്മിറ്റിയുണ്ടാക്കേണ്ടതാണ്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റാണ് സോഴ്സുകൾ കണ്ടെത്തുന്നത്. അതിന്റെ ഡിസ്ട്രിബ്യൂഷനും മറ്റുകാര്യങ്ങളും ചെയ്യുന്നത്...., കൃഷി വകുപ്പുമായി ബന്ധപ്പെട്ട് കർഷകരുടെ കൂട്ടായ്മകളുണ്ടാക്കുന്നതിനും ഏതൊക്കെ പ്രദേശങ്ങളിലാണ്

ഇറിഗേഷൻവഴി കൃഷി ചെയ്യേണ്ടതെന്ന് ഐഡന്റിഫൈ ചെയ്യുന്നതിനും ആവശ്യമായ സംയുക്ത മീറ്റിംഗുകളെല്ലാം ചേർന്നുകൊണ്ടിരിക്കുകയാണ്. ജില്ലാടിസ്ഥാനത്തിലും അത് താഴെ തട്ടുകളിൽ എത്തിക്കുന്നതിനുമാവശ്യമുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അത്തരം കമ്മിറ്റികൾ രൂപീകരിക്കുന്ന ഘട്ടത്തിൽ തീർച്ചയായും എം.എൽ.എ.-മാരുടെ സഹകരണത്തോടുകൂടി നടത്താനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കൃഷിക്ക് ഉപയോഗിക്കുന്ന ജലത്തോടൊപ്പം വളംകൂടി ചേർത്ത് നനയ്ക്കുന്ന പദ്ധതിയാണ് ഡ്രിപ്പ് ഫെർട്ടിഗേഷൻ. എന്താണ് പ്രിസിഷൻ ഫാമിംഗ്; അത് കേരളത്തിൽ എവിടെയൊക്കെ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രിസിഷൻ ഫാമിംഗ് നടപ്പാക്കിയത് പാലക്കാട് ജില്ലയിലെ വടകരപ്പതി, കൊഴിഞ്ഞാംപാറ, പെരുമാട്ടി എന്നീ പഞ്ചായത്തുകളിലാണ്. അതിൽ പച്ചക്കറികൃഷി ചെയ്യുന്നുണ്ട്. അൾട്രാ ഹൈ ഡെൻസിറ്റിയിൽ മാവ്, തെങ്ങ്, കരിമ്പ് ഇവയെല്ലാം കൃഷി ചെയ്യുന്നുണ്ട്. പ്രിസിഷൻ ഫാമിംഗിന്റെ ഒരു പ്രത്യേകത വളരെ സൂക്ഷ്മമായ കൃഷിരീതിയിലാണ് ഇത് ചെയ്യുന്നത്. ആദ്യം മണ്ണ് പരിശോധിക്കുന്നു.

ഏതെല്ലാം മണ്ണിൽ എന്തെല്ലാം കൃഷികൾ ചെയ്യണമെന്ന് തീരുമാനിക്കും. ഏതെല്ലാം യോജിച്ച കൃഷികളാണ് ചെയ്യാൻ സാധിക്കുന്നതിനെക്കുറിച്ചുള്ള പഠനം നടത്തിയ റിപ്പോർട്ടുകളുമുണ്ട്. മണ്ണ് പരിശോധിക്കുന്നതിലൂടെ മണ്ണിൽ ഏതെല്ലാം മൂലകങ്ങൾ കൂടുതലുണ്ട്, കുറവുണ്ട് എന്നെല്ലാം അറിയാൻ സാധിക്കും. കൂടാതെ ഇലയുംകൂടി  അനലൈസ് ചെയ്യണം. എന്നാൽ മാത്രമെ അത് കൃത്യമായി വരികയുള്ളൂ. അതുകഴിഞ്ഞാൽ നടീൽ വസ്തുക്കൾ,  ഏതെല്ലാം വിത്തുകൾവേണം ഏതാണ് നല്ല വിത്ത് എന്നത് പരിശോധിക്കണം. വാട്ടർ സോല്യുബിൾ ഫെർട്ടിലൈസർ ആണ് അതിലുപയോഗിക്കുന്നത്. സാധാരണ വളം ഉപയോഗിക്കാൻ സാധിക്കില്ല. വാട്ടർ  സോല്യുബിൾ ഫെർട്ടിലൈസർ ഉപയോഗിച്ചുകൊണ്ട് ഒരു ചെടിക്ക്  എത്ര വെള്ളം വേണം,  ഒരു ദിവസം ഒരു ചെടി എത്ര വെള്ളം ഉപയോഗിക്കുന്നുണ്ട്, ഒരു ദിവസം വേണ്ട വളം, നൈട്രജൻ എത്ര ഉപയോഗിക്കുന്നുണ്ട്, ഫോസ്ഫറസ്, പൊട്ടാഷ് എന്നിവ ഉപയോഗിക്കുന്നുണ്ട് എന്ന അളവിൽ മാത്രമെ ഒരു ദിവസം വെള്ളവും വളവും കൊടുക്കുകയുള്ളൂ.  അങ്ങനെ കൊടുക്കുമ്പോൾ ശരിയായ രീതിയിൽ ചെടികളെ വളർത്തിയെടുക്കാൻ സാധിക്കും. അതിന്റെ ഗുണമെന്താണെന്നുവച്ചാൽ അനാവശ്യമായ വളം കൊടുക്കുന്നില്ല.  മണ്ണിൽ പോകാതിരിക്കുന്ന നൈട്രേറ്റ്

പോലുള്ള മൂലകങ്ങൾ കുടിവെള്ളത്തിൽ കലർന്ന് ജലത്തിന് ദോഷമുണ്ടാകുന്ന അവസ്ഥയുണ്ടാകില്ല. വിളവിന്റെ കാര്യമാണെങ്കിൽ, സാധാരണ വിളവിന്റെ എത്രയോ ഇരട്ടി നമുക്ക് ലഭിക്കും. സാധാരണ ഫ്ലഡ് ഇറിഗേഷൻ അടിസ്ഥാനപ്പെടുത്തി കൃഷി ചെയ്യുകയാണെങ്കിൽ തക്കാളി കൃഷി ചെയ്താൽ സാധാരണ മൂന്നുനാല് ടൺ ആണ് ലഭിക്കുന്നത്. നല്ലരീതിയിലുള്ള കൃഷിരീതി ഞാൻ പറഞ്ഞതുപോലെ ചെയ്താൽ ആവറേജ് 30 ടൺ വരെ ലഭിക്കും. വടകരപ്പതി പഞ്ചായത്തിൽ ശ്രീ. മോഹൻരാജ് എന്ന കൃഷിക്കാരന് നാലുമാസംകൊണ്ട് 52 ടൺ വരെ വിളവ് കിട്ടിയിട്ടുണ്ട്. അതിന് 20 രൂപയിട്ടാൽത്തന്നെ ഏകദേശം 10 ലക്ഷം രൂപ വരുമാനം ലഭിക്കുമെന്നതാണ് അതിലെ നേട്ടം.

മി. സ്പീക്കർ: ഓർഡർ...ഓർഡർ.. ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)